മി. സ്പീക്കർ : ഓർഡർ........ ഓർഡർ......... ചോദ്യം നം. (* 541)

## സ്കൂളുകളിലെ അക്കാദമിക നിലവാരം

(*541) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. റ്റി. ബൽറാം:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറച്ചുമാത്രം കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ അക്കാദമിക നിലവാരം ഉയർത്തി അതിലൂടെ പ്രസ്തുത സ്കൂളുകളിൽ പ്രവേശം നേടുന്ന കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ,

(എ) ഉണ്ട്.

(ബി) ഗുണനിലവാരം ഉയർത്തി അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്കൂളുകളിൽ കുട്ടികളുടെ പ്രവേശനം വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്ര പരിപാടിയെന്ന നിലയ്ക്കാണ് 'ഫോക്കസ് 2015' ആരംഭിച്ചിരിക്കുന്നത്. വിദ്യാലയങ്ങളിലെ ലഭ്യമായ

സൗകര്യങ്ങൾ പരമാവധി പ്രയോജനപ്രദമാക്കുക, സാമൂഹ്യ ഇടപെടലുകൾ വിദ്യാലയ മികവിനായി ഉപയോഗപ്പെടുത്തുക, അധ്യാപകശേഷി വികസനത്തിന് സഹായകമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക, ഫലപ്രദമായ അധ്യാപന പ്രക്രിയ ക്ലാസുകളിൽ ഉറപ്പാക്കുക, കുട്ടികളുടെ ആരോഗ്യപരവും സുരക്ഷിതത്വപരവുമായ കാര്യങ്ങൾ ശ്രദ്ധിക്കുക, സങ്കലിത വിദ്യാഭ്യാസം ഫലപ്രദമാണെന്ന് ഉറപ്പുവരുത്തുക, കൃത്യമായ വിലയിരുത്തലുകളിലൂടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) എല്ലാ ജില്ലകളിലും എൽ.എസ്.ജി/പി.ടി.എ അംഗങ്ങൾക്ക് ഓറിയന്റേഷൻ ട്രെയിനിംഗ് നൽകി സ്കൂൾ ഡെവലപ്മെന്റ് പ്ലാൻ ഉണ്ടാക്കി നിരന്തരം മോണിട്ടറിംഗ് നടത്തിവരുന്നു. കൂടാതെ 1590-ൽപരം സ്കൂളുകൾ തിരഞ്ഞെടുത്ത് അവിടത്തെ അധ്യാപകർക്ക് പ്രത്യേക ഹാൻഡ് ബുക്ക് തയ്യാറാക്കി വിതരണം നടത്തി. ഇതിന്റെ ഫലമായി മതിയായ കുട്ടികൾ ഇല്ലാതിരുന്ന 253 സ്കൂളുകളിൽ 60- ൽ കൂടുതൽ കുട്ടികൾ പ്രവേശനം നേടുകയുണ്ടായി.

<u>ശ്രീ. എ. റ്റി. ജോർജ്</u>: സർ, സ്കൂളുകളിലെ അക്കാദമിക് നിലവാരം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർവ്വശിക്ഷാ അഭിയാനും സർക്കാരും സംയുക്തമായി 'ഫോക്കസ് 2015' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത്

3523 സ്കൂളുകൾ അൺഇക്കണോമിക് ആണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ പദ്ധതിപ്രകാരം എയ്ഡഡ്/സർക്കാർ സ്കൂളുകളുടെ ഗുണമേന്മയും ഭൗതികസാഹചര്യങ്ങളും മെച്ചപ്പെടുത്തി കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുമെന്നാണ് അറിയുന്നത്. സംസ്ഥാനത്ത് എത്ര സ്കൂളുകളിലാണ് ആദ്യഘട്ടമെന്നുള്ള നിലയിൽ 'ഫോക്കസ് 2015' പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ഉത്തരം (സി)-യിൽ ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. 3700-ഓളം സ്കൂളുകളാണ് അൺഇക്കണോമിക്കായി, 60-ൽ താഴെ കുട്ടികളുള്ളതായി കണ്ടെത്തിയിരിക്കുന്നത്. അതിൽ തിരഞ്ഞെടുക്കപ്പെട്ട 1590 സ്കൂളുകളിലാണ് 'ഫോക്കസ് 2015' പദ്ധതി ഈ വർഷം നടപ്പിലാക്കിയത്. അതിന്റെ ഫലമായി 253 സ്കൂളുകളിൽ 60-ൽ കൂടുതൽ കുട്ടികൾ പ്രവേശനം നേടുകയുണ്ടായി. ജില്ല തിരിച്ചുള്ള കണക്ക് ബഹുമാനപ്പെട്ട മെമ്പർക്ക് നൽകുന്നതാണ്.

ശ്രീ. എ. റ്റി. ജോർജ്: സർ, സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, മിക്കവാറും ഗ്രാമപ്രദേശങ്ങളിലെ സ്കൂളുകളാണ് അൺഇക്കണോമിക്കായി മാറിയിട്ടുള്ളത്. ആ സ്കൂളുകളിൽ കുട്ടികൾ എത്താത്തതിന്റെ പ്രധാന കാരണം സ്കൂളുകളിൽ എത്തിച്ചേരുന്നതിനുള്ള യാത്രാസൗകര്യം വളരെ

പരിമിതമാണ് എന്നുള്ളതാണ്. അതുകൊണ്ട് കുട്ടികൾക്ക് യാത്ര ചെയ്യുന്നതിനാവശ്യമായ ബസ്സുകൾ വാങ്ങുന്നതിന് എസ്.എസ്.എ. ഫണ്ട് അനുവദിക്കാൻ കഴിയുമോ?

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, എസ്.എസ്. എ. ഫണ്ട് കേന്ദ്രഗവൺമെന്റ് നൽകുന്നതണ്. അതിൽ ബസ്സുകൾ വാങ്ങാനുള്ള component ഇല്ല. അതേ അവസരത്തിൽ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകൾക്ക് പി.റ്റി.എ. വകയായോ സ്കൂളുകളുടെ സ്വന്തംവകയായോ, ഇപ്പോൾ എം.എൽ.എ.മാരുടെ വികസന ഫണ്ടിൽനിന്നും സ്കൂളുകൾക്ക് വാഹനം വാങ്ങുന്നതിന് പണം കൊടുക്കുന്നതിന് പ്രത്യേക അനുമതിയും നൽകിയിട്ടുണ്ട്. ആ രീതിയിലേതെങ്കിലും ഒന്നിൽ ദൂരെ സ്ഥലങ്ങളിലുള്ള കുട്ടികൾക്ക് സ്കൂളുകളിൽ എത്തുന്നതിന് വാഹനം വാങ്ങുന്നതായിരിക്കും നല്ലത്.

ശ്രീ. വി. റ്റി. ബൽറാം: സർ, കുട്ടികൾ കുറവുള്ള ഏതാണ്ട് 3500-ലേറെ സ്കൂളുകളിൽ 1590 സ്കൂളുകളിലാണ് ഫോക്കസ് പദ്ധതി നടപ്പാക്കുന്നതെന്ന് താങ്കൾ പറഞ്ഞു. അതിന്റെ ഭാഗമായി 253 സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചതായും ഇവിടെ പരാമർശിച്ചു. ഞാൻ അതിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു. പത്ത് കുട്ടികളിൽ താഴെയുള്ള 190-ഓളം സ്കൂളുകളുണ്ട് എന്നാണ് കണക്കുകൾ പറയുന്നത്.

ഇത്തരത്തിലുള്ള സ്കൂളുകൾ ഇപ്പോഴത്തെ നിലയിൽ മെച്ചപ്പെടുത്താൻ സാധിക്കാതെ വരുമ്പോൾ........ മനഃപൂർവ്വം പല സ്ഥലങ്ങളിലും എയ്ഡഡ് സ്കൂളുകളെ പരാജയപ്പെടുത്താനോ സ്കൂളുകൾ ഇല്ലാതാക്കി ആ ഭൂമി മാർക്കറ്റിൽ വിൽക്കാനുള്ള താൽപ്പര്യമാണ് മാനേജർമാരിൽ കാണുന്നത്. അതുകൊണ്ട് ഇത്തരത്തിലുള്ള എയ്ഡഡ് സ്കൂളുകൾ ഘട്ടംഘട്ടമായി ടേക്ക് ഓവർ ചെയ്യാൻ, ഗവൺമെന്റ് അഡോപ്റ്റ് ചെയ്യാൻ വേണ്ടിയുള്ള തീരുമാനം ഉണ്ടാകുമോ; എന്നാൽ മാത്രമേ ഇത് മുന്നോട്ട് പോകുകയുള്ളൂ.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ഒരു സ്കൂളും അടച്ചുപൂട്ടുക എന്നുള്ളത് ഗവൺമെന്റിന്റെ നയമല്ല. അതുകൊണ്ടുതന്നെ കുട്ടികൾക്ക് പഠിക്കാനാവശ്യമായ സൗകര്യങ്ങൾ പരമാവധി സ്കൂളുകളിലുമുണ്ടാക്കും. ഓരോ സ്കൂളുകളിലും പഠിക്കുന്നത് തൊട്ടടുത്തുള്ള സ്ഥലങ്ങളിലെ കുട്ടികളാണ്. ആ സ്കൂളുകളായിരിക്കും അവരുടെ ഏക അഭയം. അത്തരം സ്കൂളുകൾ പൂട്ടുക എന്നുള്ളതിനോട് ഗവൺമെന്റിന് യോജിപ്പില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മാനേജ്മെന്റുകൾക്ക് ചില പ്രത്യേക താൽപ്പര്യങ്ങളുണ്ട് എന്നുള്ളത് ശരിയാണ്. പക്ഷേ ഗവൺമെന്റ് നൂറുശതമാനവും അതിനെതിരായി ശക്തമായ നിലപാടെടുത്തുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. ഗവൺമെന്റ് എല്ലാ സ്കൂളുകളും ഏറ്റെടുക്കണമെന്നുള്ളത് പല നിലയിലും

പ്രായോഗികമല്ലായെന്നുള്ളത് എല്ലാവർക്കുമറിയാം. പക്ഷേ സ്കൂളിന്റെ ആവശ്യകത നൂറുശതമാനം നിലനിൽക്കുകയും സ്കൂൾ അവിടെനിന്ന് ഒഴിവാക്കാൻ കഴിയാത്ത സാഹചര്യം........ പത്ത് കുട്ടികളിൽ താഴെയുള്ള സ്കൂളുകളെ സംബന്ധിച്ച് ഞങ്ങൾ ഒരു കാര്യം ആലോചിക്കുന്നുണ്ട്. അത്തരം സ്കൂളുകളിലെ കുട്ടികളെ തൊട്ടടുത്ത സ്കൂളുകളിലേയ്ക്ക് മാറ്റുക എന്നുള്ള ആലോചനയുണ്ട്. അങ്ങനെയൊന്നും ചെയ്യാൻ കഴിയാത്ത സാഹചര്യങ്ങളിൽ കുട്ടികളുടേയും രക്ഷിതാക്കളുടേയും ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് സ്കൂൾ ഏറ്റെടുക്കേണ്ടിവന്നാൽ അവസാനഘട്ടമെന്ന നിലയിൽ സർക്കാർ ഏറ്റെടുക്കും.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഇന്നത്തെ കുട്ടികൾ അത് ഗ്രാമത്തിലുള്ളതാകട്ടെ, നഗരത്തിലുള്ളതാകട്ടെ, അവർ നമ്മളെക്കാളും സ്മാർട്ടായിക്കൊണ്ടിരിക്കുകയാണ്. ബയോളജിക്കലായി അതിന്റെ റീസൺ നോക്കുകയാണെങ്കിൽ.... ജെയിംസ് ഫ്ലിൻ നടത്തിയ റിസർച്ചിൽ പറയുന്നത് 1930 മുതൽ ഇന്നേവരെയുള്ള കാലഘട്ടം പരിശോധിക്കുമ്പോൾ കുട്ടികളുടെ, വരുന്ന തലമുറയുടെ ഐ.ക്യൂ. ലെവലിൽ നേരിയ ശതമാനം വർദ്ധനവ് വരുന്നുണ്ട്. അതിനോടൊപ്പം ഇന്നത്തെ കുട്ടികൾക്ക് ഇൻഫർമേഷനിലുള്ള ആക്സസ് വളരെ കൂടിക്കൊണ്ടിരിക്കുകയാണ്. ഞാനൊക്കെ ഏഴാംക്ലാസിൽ പഠിച്ച കാര്യങ്ങളാണ്

ഇന്നത്തെ കുട്ടികൾ രണ്ടാംക്ലാസിൽ പഠിക്കുന്നത്. ഈയൊരു കാര്യത്തിൽ ഞാൻ മനസ്സിലാക്കുന്നത് നമ്മുടെ മാതാപിതാക്കൾക്കും നമ്മുടെ ഏജിലുള്ള ആളുകൾക്കുമുള്ളതിനെക്കാൾ ഒരന്തരം വന്നുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ചും മാതാപിതാക്കൾക്കും പി.ടി.എ-യ്ക്കുമൊന്നും ഗ്രഹിക്കാൻ കഴിയാത്ത കാര്യങ്ങൾ വളരെ പെട്ടെന്ന് കുട്ടികൾ മനസ്സിലാക്കുകയാണ്. ഈയൊരു സാഹചര്യത്തിൽ പുതിയ കാലത്തിന്റെ സവിശേഷതകൾ, അത് ഇന്റർനെറ്റിന്റെ ഗുണങ്ങളാകട്ടെ ചതിക്കുഴികളാകട്ടെ, ലഹരി, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗങ്ങളാകട്ടെ........ ഇതൊക്കെ വിദ്യാർത്ഥികളിലുണ്ടാക്കുന്ന അനന്തമായ സാധ്യതകളും അതിനോടനുബന്ധിച്ചുള്ള പ്രശ്നങ്ങളും മനസ്സിലാക്കാൻവേണ്ടി രക്ഷിതാക്കളെ സജ്ജരാക്കാൻ പി.ടി.എ. മുഖാന്തിരമോ സ്കൂളുകൾ മുഖാന്തിരമോ കൗൺസിലിംഗ് തുടങ്ങിയ ബോധവൽക്കരണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തുടർനടപടികളുണ്ടോ?

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>: സർ, ഇതുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കുട്ടികളിലെ ലഹരി ഉപയോഗത്തെ സംബന്ധിച്ച് പരിശോധിക്കുന്നതിന് ജാഗ്രതാ സമിതികളുണ്ട്. അതിനുപുറമേ എസ്.പി.സി. യൂണിറ്റുകൾ അധികമായി അനുവദിക്കുന്നത് ഈയൊരു കാര്യംകൂടി

മുന്നിൽകണ്ടുകൊണ്ടാണ്. രക്ഷിതാക്കളും സമീപ പ്രദേശങ്ങളിലുള്ള ആളുകളുമടങ്ങുന്ന ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. മാത്രമല്ല പാഠ്യപദ്ധതി ഉയർന്ന നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടിയാണ് കഴിഞ്ഞ മൂന്നുവർഷമായി സർക്കാർ പുതിയ പാഠ്യപദ്ധതിയനുസരിച്ച് എല്ലാ പാഠപുസ്തകങ്ങളും തയ്യാറാക്കിയത്. 9, 10 ക്ലസുകളിലെ പുസ്തകങ്ങൾ മാത്രമേ പരിഷ്കരിക്കാനുള്ളൂ. ബാക്കിയെല്ലാ ക്ലാസുകളിലെ പാഠപുസ്തകങ്ങളും കഴിഞ്ഞ രണ്ട് വർഷങ്ങളിലായി പരിഷ്കരിച്ചു. പുതിയ രീതിയിലുള്ള പഠന മാധ്യമങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്. അതോടൊപ്പംതന്നെ കായികാഭ്യാസം, സർഗ്ഗവേള തുടങ്ങിയ പുതിയ കാര്യങ്ങളെല്ലാം പുതിയ തലമുറയ്ക്കനുസൃതമായി, അതിനുവേണ്ടിയുള്ള ടൈംടേബിളുകളും തീരുമാനങ്ങളും നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u>: സർ, പലപ്പോഴും കുട്ടികൾ കുറയുന്നത് നിലവാരം കുറഞ്ഞതുകൊണ്ടല്ല. ഇംഗ്ലീഷിനോടുള്ള ഭ്രമം വർദ്ധിച്ചുവരികയാണ്. ഇപ്പോഴുള്ള നിയമപ്രകാരം രണ്ട് ഡിവിഷനിൽ മലയാളമുണ്ടെങ്കിലേ ഒരു ഇംഗ്ലീഷ് ഡിവിഷൻ അനുവദിക്കുകയുള്ളൂ. വ്യക്തിപരമായി വിയോജിപ്പുണ്ടെങ്കിലും പ്രായോഗികതലത്തിൽ കുട്ടികളെ ആകർഷിക്കാൻ മലയാളം മീഡിയവും ഇംഗ്ലീഷ് മീഡിയവും സമാന്തരമായി നടത്തുന്ന ഒരു സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ആലോചിച്ചുകൂടേ;

അതുപോലെതന്നെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ഒരു ക്ലാസിൽ വളരെയേറെ കുട്ടികൾ ഉണ്ട്. ഒരു ക്ലാസിൽ മിനിമം ഇത്ര കുട്ടികൾ വേണമെന്ന് പറയുന്നതുപോലെ മാക്സിമം നിർണ്ണയിച്ചിട്ടുണ്ടോ? അൺഎയ്ഡഡ് സ്കൂളുകളിൽ കുട്ടികളിൽനിന്ന് ക്യാഷും വാങ്ങി നൂറും നൂറ്റിയിരുപതും കുട്ടികളാണുള്ളത്. അവിടെ കടക്കാൻപോലും കഴിയാത്ത സ്ഥിതിയാണ്. തൊട്ടടുത്ത സ്കൂളുകളിൽ കുട്ടികളില്ല. അതുകൊണ്ട് മാക്സിമം നിർണ്ണയിക്കുന്ന കാര്യം ഉൾപ്പെടെ ഈ രണ്ട് കാര്യങ്ങളും പരിഗണിക്കുമോ?

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മാക്സിമം നിശ്ചയിച്ചിട്ടുണ്ട്. 1:45 ആണ് കുട്ടികളുടെ സ്ട്രെങ്ത്. അങ്ങനെയല്ലാതെ അവർ ചെയ്യുന്നുണ്ടെങ്കിൽ അത് തെറ്റാണ്. അത് കണ്ടുപിടിക്കണം. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് ക്ലാസിലെ കുട്ടികളുടെ എണ്ണം 30, 35 എന്നുവന്നത് കുട്ടികൾക്ക് കൂടുതൽ അറ്റൻഷൻ കിട്ടാൻവേണ്ടിയാണ്. ആ രീതിയിൽ ചെയ്യേണ്ടതാണ്. പക്ഷെ പണമുണ്ടാൻവേണ്ടി പല മാനേജ്മെന്റുകളും ഈ രീതിയിലല്ലാതെ ചെയ്യുന്നുണ്ട്. ജനറലായി പറയുമ്പോൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന എന്നുള്ളതല്ലാതെ പരാതികൾ വരുമ്പോൾ തീർച്ചയായും നടപടികളെടുക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്. അതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് മൂന്നുഡിവിഷനുണ്ടെങ്കിൽ ഒരു ഡിവിഷൻ ഇംഗ്ലീഷ്

മീഡിയത്തിൽ അനുവദിച്ചിരുന്നത്. ഈ ഗവൺമെന്റ് വന്നപ്പോഴാണ് രണ്ട് ഡിവിഷനുണ്ടെങ്കിൽ ഒന്ന് ഇംഗ്ലീഷ് മീഡിയമാക്കാം എന്നുപറഞ്ഞത്. പക്ഷെ മുഴവൻ നമുക്ക് സമാന്തരമായി കൊണ്ടുപോകാൻ കഴിയില്ല. മലയാളം ശ്രേഷ്ഠഭാഷയാക്കി, ഒന്നാംഭാഷയാക്കി, നിർബന്ധമായി മലയാളം പഠിപ്പിക്കണമെന്ന് ഒരുഭാഗത്ത് പറയുമ്പോൾ സ്കൂളുകളിലെ എല്ലാ ഡിവിഷനുകളും ഇംഗ്ലീഷ് മീഡിയമാക്കണമെന്ന് പറയുന്നതിനോട് യോജിക്കാൻ കഴിയില്ല.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u>: സർ, കുട്ടികൾ വളരെ കുറവും അക്കാദമിക് നിലവാരം വളരെ മോശമായതുമായ വിദ്യാലയങ്ങൾ അടച്ചുപൂട്ടണമെന്നാണല്ലോ ഗവൺമെന്റ് ഉത്തരവ്. എന്നാൽ ഈയൊരു സ്ഥിതിവിശേഷം മാറ്റിയെടുക്കുന്നതിനുവേണ്ടി 'ഫോക്കസ് 2015' എന്ന പരിപാടി ഗവൺമെന്റ് ആസൂത്രണം ചെയ്തതായി മനസ്സിലാക്കുന്നു. ഈ പരിപാടി അനുസരിച്ച് എത്ര വിദ്യാലയങ്ങളിലാണ് ഇംപ്രൂവ്മെന്റ് ഉണ്ടായിട്ടുള്ളത്; അങ്ങനെയുള്ള വിദ്യാലയങ്ങൾ തുടർന്ന് പ്രവർത്തിക്കാനുള്ള അനുവാദം കൊടുത്തിട്ടുണ്ടോ; അല്ലെങ്കിൽ അടച്ചുപൂട്ടുന്നതിനുള്ള നിലപാടുതന്നെയാണോ സ്വീകരിക്കുന്നത്?

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ആദ്യം പറഞ്ഞതുതന്നെ തെറ്റാണ്. ഒരു സ്കൂളും അടച്ചുപൂട്ടാൻ ഈ ഗവൺമെന്റ്

തീരുമാനിച്ചിട്ടില്ല, ഉത്തരവും കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർക്ക് എവിടെനിന്നാണ് അങ്ങനെയൊരു വിവരം കിട്ടിയതെന്നും എനിക്കറിയില്ല. മാത്രമല്ല, മോശമായ സ്കൂളുകൾ നന്നാക്കുന്നതിന് വേണ്ടിയുള്ള പരിപാടിയെക്കുറിച്ച് ഞാൻ ഉത്തരത്തിലെ (സി) ഭാഗത്തു പറയുകയും ചെയ്തു. 3700-ഓളം സ്കൂളുകൾ അങ്ങനെയുണ്ട്. അതിൽ 1590 സ്കൂളുകളാണ് ആദ്യമായി തെരഞ്ഞെടുത്തത്. ഈ സ്കൂളുകളിൽ ഈ വർഷം ഫോക്കസ് പരിപാടി നടത്തിയതിന്റെ ഭാഗമായി 253 സ്കൂളുകളിൽ അറുപതിൽ കൂടുതൽ കുട്ടികൾ ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷമാണുണ്ടായത്. അതുകൊണ്ട് ഈ വർഷം കുറെക്കൂടി ഫലപ്രദമായി ഫോക്കസ് പദ്ധതി നടപ്പിലാക്കും.

ശ്രീ. ഹൈബി ഈഡൻ: സർ, മലയാളം ഭാഷയെ ഒന്നാം ഭാഷയായി, ഭരണ ഭാഷയായി അംഗീകരിക്കുകയും മലയാളം സർവ്വകലാശാല സ്ഥാപിക്കുകയുമുണ്ടായി. ഇന്ന് സി.ബി.എസ്.ഇ. സ്കൂളുകളിൽ വരെ മലയാളം പഠിപ്പിക്കണമെന്ന് നിർബ്ബന്ധമാക്കി. അത് സ്വാഗതാർഹമാണ്. പക്ഷേ അടിസ്ഥാനപരമായി ഇന്ന് പ്ലസ് ടുവിനോ ഡിഗ്രി വിദ്യാഭ്യാസത്തിനോ ശേഷം ജോലി സാധ്യതകളുള്ള ഏതെങ്കിലും ഹയർ എഡ്യൂക്കേഷന് പോകുന്ന, ഉന്നത കോഴ്സുകൾക്ക് പോകുന്ന സർക്കാർ/എയിഡഡ് മേഖലയിൽ നിന്നുവരുന്ന കുട്ടികൾക്ക് ഗ്രൂപ്പ് ഡിസ്കഷൻ,

ഇന്റർവ്യൂ പോലുള്ള പ്രക്രിയകളിൽ പെർഫോം ചെയ്യാൻ സാധിക്കുന്നില്ലായെന്നുള്ളതാണ്. അവർക്ക് അതിന്റെ ബെയ്സ് ഇല്ലായെന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് അതിനാവശ്യമായ സ്പെഷ്യൽ ട്രെയിനിംഗ് നൽകണം. കാരണം ഇന്ന് ലോകം മുഴുവൻ മാറിക്കൊണ്ടിരിക്കുന്നു. ഇംഗ്ലീഷ് നമുക്ക് അവഗണിക്കാൻ പറ്റാത്ത ഒരു ഭാഷയായി മാറിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ അതിന് പ്രാമുഖ്യം കൊടുത്തുകൊണ്ട്, അവരെ എക്യുപ് ചെയ്യുന്നതിന്റെ ഭാഗമായി ജോലി സാധ്യതകളുള്ള ഇംഗ്ലീഷ് എന്ന കമ്മ്യൂണിക്കേറ്റീവ് ലാംഗ്വേജിന് കൂടുതൽ പ്രാമുഖ്യം കൊടുക്കുമോയെന്നാണ് എന്റെ ചോദ്യം?

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>: സർ, ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കാൻ ഇപ്പോൾത്തന്നെ സംവിധാനങ്ങളുണ്ട്. അത് പൂർണ്ണമായും ഉപയോഗപ്പെടുത്തിയാൽ തന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം നടക്കും. അതിനുപുറമേ കുട്ടികൾക്ക് പഠനത്തോടൊപ്പംതന്നെ ഒരു തൊഴിൽ നൈപുണ്യംകൂടി ഉണ്ടാക്കുകയെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കൻഡറി സ്കൂളുകളിലും കോളേജുകളിലും അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം ആരംഭിച്ചു. അതിൽ മുന്നൂറു മണിക്കൂറുകളുള്ള ക്ലാസ്സുകളിൽ ആദ്യത്തെ നൂറു മണിക്കൂർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിനു വേണ്ടിയുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പുറം

സംസ്ഥാനങ്ങളിലും മറ്റു രാജ്യങ്ങളിലുമൊക്കെ ഇന്റർവ്യൂനൊക്കെ പോകുമ്പോൾ കുട്ടികൾക്ക് അവിടെ നല്ല രീതിയിൽ പെർഫോം ചെയ്യാൻ കഴിയുന്നതിനുവേണ്ടിയാണ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വച്ചത്. അതുപൊലെ അതിൽ എൺപതു മണിക്കൂർ ഐ.റ്റി.യുടെ basic knowledge-ന് വേണ്ടിയാണ്. ഇന്നെല്ലാം ഐ.റ്റി. അധിഷ്ഠിതമായതുകൊണ്ട് കുട്ടികൾക്ക് അതിനുവേണ്ടിയുള്ള പ്രാഥമിക പരിജ്ഞാനം നൽകുന്നതിനുവേണ്ടിയാണ്. അതിനുപുറമേയാണ് അവർ തെരഞ്ഞെടുക്കുന്ന സ്കില്ലിൽ അവർക്ക് ആവശ്യമായ കോഴ്സുകളും നൈപുണ്യവും നല്കുന്നത്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഇവിടെ അങ്ങ് പറഞ്ഞതുപോലെ മലയാളം മീഡിയം സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഇംഗ്ലീഷ് പഠനം ഒരു പ്രധാനപ്പെട്ട ഘടകമാണ്. പക്ഷേ മലയാളം മീഡിയം സ്കൂളിൽ പഠിക്കുന്ന കുട്ടികളെ ഇംഗ്ലീഷ് പഠിപ്പിക്കുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. അടിസ്ഥാന ഗ്രാമർപോലും അവരെ പഠിപ്പിക്കുന്നില്ല. മലയാളം മീഡിയം സ്കൂളുകളിലെ കുട്ടികൾക്ക് അവരുടെ ഭാഷയായിത്തന്നെ ഇംഗ്ലീഷ് പഠിക്കാനുള്ള അവസരമുണ്ടാകുമ്പോൾ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ കുട്ടികളെപ്പോലെതന്നെ ഇംഗ്ലീഷ് ഭാഷയിൽ പരിജ്ഞാനം

ലഭ്യമാകത്തക്കവിധത്തിൽ പഠനനിലവാരമുയർത്താൻ വേണ്ടിയുള്ള എന്തു നടപടിയാണ് സ്വീകരിക്കുന്നത്? എം.എൽ.എ.മാർ അവരുടെ മണ്ഡലങ്ങളിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്നുണ്ട്. എന്റെ മണ്ഡലം അതിൽ ഉൾപ്പെടുന്നതാണ്. അതിൽ ഇതൊക്കെ ഉൾപ്പെടുത്തിക്കൊണ്ട് പല പദ്ധതികളും ആരംഭിച്ചെങ്കിലും സാമ്പത്തിക പ്രശ്നങ്ങൾ കാരണം മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നില്ല. ഒന്നുകിൽ അങ്ങ് ഇതിൽ ഇടപെട്ടുകൊണ്ട് ഇത്തരം മണ്ഡലങ്ങൾക്ക് പ്രത്യേകമായി എന്തെങ്കിലും ആനുകൂല്യം നൽകുകയോ അല്ലെങ്കിൽ അതിനുവേണ്ടി എം.എൽ.എ. ഫണ്ട് ഉപയോഗിക്കാനുള്ള പ്രത്യേകമായ ഉത്തരവ് നൽകുകയോ ചെയ്തുകൊണ്ട് പൊതു വിദ്യാഭ്യാസം സംരക്ഷിക്കാൻ വേണ്ടി എം.എൽ.എ.മാർ ഏറ്റെടുത്തു നടത്തുന്ന പദ്ധതികൾ വിജയിപ്പിക്കാനാവശ്യമായ നടപടി അങ്ങ് സ്വീകരിക്കുമോ? ഇവിടെ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ സൂചിപ്പിച്ചതുപോലെ തൃശ്ശൂർ ടൗണിൽ ഒരു ക്ലാസിൽ എൺപത്തഞ്ചും തൊണ്ണൂറും കുട്ടികൾ പഠിക്കുന്ന പത്ത് സ്കൂളുകളുടെ പേരു ഞാൻ പറഞ്ഞുതരാം. വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥന്മാർ റെയിഡ് നടത്തി അത് പിടിക്കാൻ സമ്മതിക്കുമോ?

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, രണ്ടാമത്തെ ചോദ്യത്തിന് ആദ്യം മറുപടി പറയാം. നാല്പത്തിയഞ്ചിലധികം കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ ഇല്ലായെന്ന്

പറഞ്ഞിട്ടില്ല. നമ്മുടെ നിബന്ധനകൾ അനുസരിച്ച് കുട്ടികളുടെ എണ്ണം അത്രയാണ്. അതിലപ്പുറമുള്ള കുട്ടികൾ പഠിക്കുന്നുണ്ട് എന്നുള്ളത് വാസ്തവമാണ്. ഞാൻ അത് നിഷേധിച്ചിട്ടില്ല. തൃശ്ശൂർ ജില്ലയിൽ മാത്രമല്ല കേരളത്തിൽ എല്ലായിടത്തും ഉണ്ട്. സമഗ്ര വിദ്യാഭാസ പദ്ധതി സംസ്ഥാനത്ത് 57 മണ്ഡലങ്ങളിൽ എം.എൽ.എ.മാരുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. ഓരോ മണ്ഡലത്തിലുമുള്ള വിദ്യാഭ്യാസ ആവശ്യകതകൾ, സ്ഥാപനങ്ങളുടെ കാര്യങ്ങൾ, അവിടത്തെ പഠന നിലവാരം, മറ്റു കാര്യങ്ങൾ ഇതെല്ലാം വച്ചുകൊണ്ട് എം.എൽ.എ.മാർ തന്നെ വളരെ താല്പര്യത്തോടെ മുൻകൈയെടുത്തുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പി.റ്റി.എ.കളുടെയും എം.എൽ.എ.മാരുടെയും എം.പി.മാരുടെയും സഹായത്തോടുകൂടിയാണ് ഇതു നടത്തുന്നത്. ഭൗതിക സൗകര്യങ്ങളുണ്ടാക്കുക, സ്പെഷ്യൽ ക്ലാസുകൾ നടത്തുക, മറ്റു അനുബന്ധ കാര്യങ്ങളെല്ലാം ചെയ്യാവുന്നതാണ്. പക്ഷേ അതിനുവേണ്ടി ഗവൺമെന്റിൽ നിന്ന് പ്രത്യേകമായ ഫണ്ട് അനുവദിക്കുന്നതിന് ഇപ്പോൾ സാധിക്കുകയില്ല. ഇതിനായി എം.എൽ.എ. ഫണ്ട് ഉപയോഗിക്കണമെന്ന് ബന്ധപ്പെട്ട ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനോട് എനിക്കും യോജിപ്പുണ്ട്. അതിനൊരു സ്പെഷ്യൽ ഓർഡർ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ കയ്യിൽ നിന്ന് വാങ്ങിയാൽ ചെയ്യാവുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, അക്കാദമിക നിലവാരമുയർത്തുന്നതിന്റെ ഭാഗമായി സാധാരണക്കാരായ കുട്ടികൾ പഠിക്കുന്ന ഗവൺമെന്റ് സ്കൂളുകളിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഭൗതിക സൗകര്യങ്ങൾ ഉയർത്തിയപ്പോൾ അതിനനുസരിച്ച് മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ 99 സ്കൂളുകളിലും എം.എൽ.എ. ഫണ്ട് പൂർണ്ണമായി വിനിയോഗിച്ച് ഡിജിറ്റൽ ലൈബ്രറി ഉൾപ്പെടെ മൾട്ടി ലാംഗ്വേജ് ലാബ് സ്ഥാപിച്ചു കഴിഞ്ഞു. അവിടെയുള്ള ഒരു വിഷയം ഇംഗ്ലീഷ് ലാംഗ്വേജ് പഠിക്കുമ്പോഴും നിലവാരമുള്ള അദ്ധ്യാപകൻമാർ അതിനനുസരിച്ച് കിട്ടുന്നില്ലായെന്നതാണ്. ഇവിടെയിപ്പോൾ ചില സ്കൂളുകളിൽ മലയാളം മീഡിയത്തിൽ ഇംഗ്ലീഷ് ഡിവിഷൻ തുടങ്ങി. ആരാണ് പഠിപ്പിക്കുന്നത്? മലയാളം മീഡിയത്തിൽ പഠിച്ച അദ്ധ്യാപകൻമാർ ഇംഗ്ലീഷ് പഠിപ്പിച്ചാൽ എങ്ങനെയുണ്ടാകും. മംഗ്ലീഷായിപ്പോകുന്ന ഒരവസ്ഥയിലേയ്ക്ക്, ഉള്ള നിലവാരം പോകുന്ന ഒരവസ്ഥയാണുള്ളത്. അതുകൊണ്ട് ഇംഗ്ലീഷ് ഡിവിഷൻ തുടങ്ങുന്നിടത്ത് ഇംഗ്ലീഷ് ലാംഗ്വേജ് നന്നായി കൈകാര്യം ചെയ്യുന്ന അദ്ധ്യാപകരെത്തന്നെ നിയമിക്കുന്നതിന് പ്രത്യേകം സംവിധാനം ചെയ്യാത്തിടത്തോളം അത് ദോഷമേ ചെയ്യുകയുള്ളൂ. അതുപോലെതന്നെ +2 കഴിഞ്ഞാണ് പ്രൊഫഷണൽ കോഴ്സിന് പോകുന്നത്. പക്ഷേ ഇതുവരെ ലബോറട്ടറി സൗകര്യം അധികം ഹയർ സെക്കന്ററി

സ്കൂളുകളിലും ഏർപ്പെടുത്തിയിട്ടില്ല. ലബോറട്ടറി സൗകര്യമില്ലാതെ പഠിക്കുന്ന കുട്ടികൾ എങ്ങനെയാണ് പ്രൊഫഷണൽ കോഴ്സിന് പോകുന്നത്. അതുകൊണ്ട് ആ ഒരു സംവിധാനം നൽകിക്കൊണ്ട് നമ്മുടെ സർക്കാർ സ്കൂളിന്റെ അക്കാദമിക നിലവാരം ഉയർത്താൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വളരെ സന്തോഷകരമായ ഒരു കാര്യമാണ് കഴിഞ്ഞ രണ്ട് വർഷങ്ങളിലും ഉണ്ടായത്. ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിൽ മൊത്തത്തിലുള്ള കുട്ടികളുടെ എണ്ണവും ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളുടെ എണ്ണവും ഈ രണ്ട് വർഷവും വർദ്ധിക്കുകയാണുണ്ടായത്. അതുപോലെ ബഹുമാനപ്പെട്ട സി. മമ്മൂട്ടി അദ്ദേഹത്തിന്റെ മണ്ഡലത്തിലെ മുഴുവൻ സ്കൂളുകളുടേയും ഫ്ലോറിംഗും അതുപോലെ ടോയിലറ്റ് സൗകര്യങ്ങളുമൊക്കെ ചെയ്തുകൊടുത്തുകൊണ്ട് സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഒരു മാതൃകാ മണ്ഡലമാക്കിയിരിക്കുകയാണ്. എനിക്ക് നേരിട്ട് അറിയാവുന്ന കാര്യമാണ്. അങ്ങനെയുള്ള കാര്യങ്ങൾ ഭൗതിക സൗകര്യങ്ങളിലും പഠനനിലവാരത്തിലുമുണ്ടാകുമ്പോൾ സ്വാഭാവികമായും കുട്ടികൾ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലേയ്ക്ക് വരും. അൺ-എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുകൊണ്ട് വരികയാണ്. ഇംഗ്ലീഷ് പഠിപ്പിക്കുന്ന

അധ്യാപകരെ സംബന്ധിച്ചിടത്തോളം ഇംഗ്ലീഷ് ലാംഗ്വേജിൽ ബി.എ.യും എം.എ.യും B.Ed.ഉം M.Ed. ഉം ഒക്കെ പാസായിട്ടാണ് ഇവർ വരുന്നത്. അതിന് പുറമെ ഡിസ്ട്രിക്ട് സെന്റർ ഫോർ ഇംഗ്ലീഷിന്റെ ആഭിമുഖ്യത്തിൽ ഇംഗ്ലീഷ് അദ്ധ്യാപകർക്ക് പ്രത്യേകമായി പരിശീലനം കൊടുക്കുവാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സമഗ്ര വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് ചോദ്യത്തിന് മന്ത്രി മറുപടി പറഞ്ഞപ്പോൾ എം.എൽ.എ.മാർ സ്വന്തം ഇഷ്ടത്തിന് കുറേകാര്യങ്ങൾ ചെയ്യുന്നുണ്ടെന്നാണ് പറഞ്ഞത്. അത് ശരിയാണ്. ഞാനും ചെയ്തിട്ടുണ്ട്. അങ്ങനെയൊരു പദ്ധതി ആവിഷ്കരിച്ചതിന് ശേഷം നമ്മുടെ സംസ്ഥാനത്ത് എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എന്തുമാത്രം പുരോഗതിയാണ് ഉണ്ടായിട്ടുള്ളത് എന്ന ഒരു പരിശോധനയും പഠനവും നടത്തിയിട്ടുണ്ടോ; ആ പരിപാടി മുന്നോട്ട് കൊണ്ടുപോകുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള BRC പോലുള്ള സ്ഥാപനങ്ങൾ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നുണ്ടോ എന്നീ കാര്യങ്ങൾ അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; ആവശ്യമായ പരിഷ്കാരങ്ങൾ വരുത്താൻ ശ്രദ്ധിക്കുമോ?

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ഓരോ എം.എൽ.എ.മാരുടേയും ആവശ്യം

അനുസരിച്ചുകൊണ്ടാണ് ഞാൻ നേരത്തേ പറഞ്ഞതുപോലെ 57 മണ്ഡലങ്ങളിൽ സമഗ്ര വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കുന്നത്. അത് നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഓരോ മണ്ഡലത്തിലേയും ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് കണ്ടറിഞ്ഞുകൊണ്ട് സമഗ്രമായൊരു പ്രോജക്ട് റിപ്പോർട്ടുണ്ടാക്കുന്നത് സി-മാറ്റാണ്. മണ്ഡലത്തിൽ നിന്നുള്ള റിസോഴ്സ് പേഴ്സൻസിന് സി-മാറ്റിൽ മൂന്ന് ദിവസത്തെ പരിശീലനം കൊടുത്ത് അവരുണ്ടാക്കുന്ന സമഗ്രമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഓരോ കോമ്പോണന്റും ആ മണ്ഡലങ്ങളിൽ നടപ്പിലാക്കുന്നത്. BRC-യ്ക്കും അതിന്റെ ഉത്തരവാദിത്വമുണ്ട്. പക്ഷേ ഈ 57 മണ്ഡലങ്ങളിൽ നിന്നും ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും ആവശ്യമായ സഹകരണമില്ല എന്നുള്ള ഒരു ആക്ഷേപം കിട്ടിയിട്ടില്ല. പ്രതിപക്ഷ എം.എൽ.എ.മാരുടെ മണ്ഡലത്തിൽ വളരെ നന്നായി കാര്യങ്ങൾ നടക്കുന്നുണ്ട്. പ്രൊഫസർ സി. രവീന്ദ്രനാഥിന്റെ മണ്ഡലത്തിൽ നടക്കുന്ന ഒരുപാട് കാര്യങ്ങളെക്കുറിച്ചെനിക്കറിയാം. അങ്ങനെ ഭരണ പ്രതിപക്ഷ മണ്ഡലങ്ങളിലൊക്കത്തന്നെയും ഈ കാര്യങ്ങൾ വളരെ ഭംഗിയായി നടക്കുന്നുണ്ട്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും എന്തെങ്കിലും അലംഭാവമുണ്ടായി എന്ന് ആരും ആക്ഷേപം ഉന്നയിച്ചിട്ടില്ല. എന്തെങ്കിലും ഉണ്ടെങ്കിൽ അവർക്കെതിരായ നടപടി

സ്വീകരിക്കാം. ബഹുമാനപ്പെട്ട ശ്രീ. എ. കെ. ശശീന്ദ്രന്റെ മണ്ഡലത്തിൽ എന്തുകൊണ്ടാണ് ഇതുവരെ ഇത് തുടങ്ങാതിരുന്നത് എന്നുള്ളത് സംബന്ധിച്ച് ഇന്നുതന്നെ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, മാനേജ്മെന്റുകൾ എയ്ഡഡ് സ്കൂളുകളിലുണ്ടാക്കുന്ന പ്രയാസങ്ങളെ സംബന്ധിച്ചാണ് സൂചിപ്പിക്കാനുള്ളത്. സ്കൂളുകളിൽ കുട്ടികൾ ഇല്ലാത്തതുമാത്രമല്ല, കുട്ടികളുള്ള സ്കൂളുകളിൽപോലും ഒരു തരത്തിലുമുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്താൻ മാനേജ്മെന്റ് പലപ്പോഴും തയ്യാറാകുന്നില്ല. അസെറ്റ് ഡെവലപ്മെന്റ് ഫണ്ടോ എം.എൽ.എ. ഫണ്ടോ ഉപയോഗിച്ച് എം.എൽ.എ.മാർക്ക് അവിടെയൊരു അധിക ക്ലാസ്റൂം കെട്ടിക്കൊടുക്കാൻ പോലും നിലവിലെ നിയമം അനുവദിക്കുന്നില്ല. എന്നാൽ അവിടെ ഇഷ്ടംപോലെ കുട്ടികളും അദ്ധ്യാപകരും ഉണ്ട്, രക്ഷിതാക്കൾക്കും മറ്റുള്ളവർക്കുമൊക്കെ സ്കൂൾ നിലനിർത്തണമെന്ന താൽപ്പര്യവുമുണ്ട്. പക്ഷേ ഇക്കാര്യത്തിൽ മാനേജ്മെന്റ് വിരുദ്ധമായി നിൽക്കുകയാണ്. ഇത്തരം സാഹചര്യങ്ങളിൽ അവരെ എങ്ങനെയാണ് സഹായിക്കാൻ പറ്റുന്നത്? എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് കമ്പ്യൂട്ടറും ടോയ്ലറ്റ് സൗകര്യവും കൊടുക്കാൻ കഴിയുന്നുണ്ട്. ഇത്തരം അടിയന്തര സാഹചര്യങ്ങളിൽ, വിദ്യാഭ്യാസ വകുപ്പിന്റെ

പരിശോധന കഴിഞ്ഞിട്ടെങ്കിലും ഏതെങ്കിലും തരത്തിൽ അവർക്ക് കെട്ടിടം ആവശ്യമായി വരികയാണെങ്കിൽ എന്തെങ്കിലും ഒരു സീലിംഗോ ക്രൈറ്റീരിയയോ വച്ച് കുറച്ച് പണം അനുവദിക്കാനുള്ള അനുമതി നൽകിയില്ലെങ്കിൽ ആ സ്കൂളുകളുടെ നവീകരണം വലിയ വെല്ലുവിളിയായി മാറും. ഇതിന് എങ്ങനെയാണ് സർക്കാർ ഒരു പരിഹാരം കണ്ടെത്താൻ പോകുന്നത്?

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>: സർ, എയ്ഡഡ് സ്കൂളുകളുകൾക്കാവശ്യമായ ഭൗതിക സൗകര്യങ്ങൾ അവർ തന്നെ ഉണ്ടാക്കണം. കാരണം സ്ഥലവും കെട്ടിടവും അവരുടേതാണ്. അവിടെ ഗവൺമെന്റിന്റെ ചെലവിൽ കെട്ടിടങ്ങൾ ഉണ്ടാക്കാൻ കഴിയില്ല. അതേയവസരത്തിൽ കുട്ടികൾക്ക് നേരിട്ട് ഉപകാരപ്പെടുന്ന കമ്പ്യൂട്ടർ, ലബോറട്ടറികൾ മുതലായവയ്ക്കുവേണ്ടി എം.എൽ.എ. ഫണ്ട് ഉപയോഗിക്കാൻ കഴിയും. എന്നാൽ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് ഗവൺമെന്റ് ഫണ്ട് ഉപയോഗിക്കാൻ കഴിയില്ല. നമുക്ക് ഇതിനേക്കാൾ ബുദ്ധിമുട്ടുള്ള ഒരു മേഖലയാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് സ്കൂളുകൾ. പഴയ കാലത്തുള്ള വാടകയായതുകൊണ്ട്, വാടക കൂട്ടിക്കൊടുക്കാത്തതുകൊണ്ട് കെട്ടിട ഉടമകൾ അവിടെ ടോയ്‌ലറ്റ് സൗകര്യം ഉണ്ടാക്കാൻ പോലും തയ്യാറാകുന്നില്ല. അങ്ങനെയുള്ള കുറേ ഗവൺമെന്റ് സ്കൂളുകൾ നമുക്കുണ്ട്. കഴിഞ്ഞ രണ്ടുവർഷമായി നമ്മൾ

പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലും ഇതിനകം തന്നെ ഏറ്റവും ചുരുങ്ങിയത് രണ്ട് ടോയ്ലെറ്റുകൾ വരെ ഉണ്ടാക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ട്. അത് നൂറ് ശതമാനം വിജയിച്ചുവെന്നുള്ളതാണ് കഴിഞ്ഞ ദിവസം എനിക്ക് ലഭിച്ച റിപ്പോർട്ട്. ശ്രീ. ഷാഫി പറമ്പിൽ സൂചിപ്പിച്ചതുപോലെ സ്കൂളുകളിൽ കെട്ടിടമുണ്ടാക്കി കൊടുക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ചുമാത്രമേ തീരുമാനമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. (...ബഹളം.......) കൊടുക്കാനല്ല ഞാൻ പറഞ്ഞത്. ഇന്നത്തെ അവസ്ഥയിൽ ഭൗതിക സൗകര്യങ്ങൾ ഉണ്ടാക്കാൻ അവർക്ക് പണം കൊടുക്കാൻ പറ്റില്ല. ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞതുപോലെ പ്രത്യേകമായ സാഹചര്യത്തിൽ ചെയ്യണമെങ്കിൽ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ചുമാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ എന്നാണ് പറഞ്ഞത്. ചെയ്യണമെന്നല്ല, ചെയ്യുമെന്നല്ല. അങ്ങനെയാണെങ്കിലേ ചെയ്യാൻ സാധിക്കുകയുള്ളൂ എന്നാണ് പറഞ്ഞത്.

ശ്രീമതി കെ. കെ. ലതിക: സർ, സ്കൂളുകളിൽ അക്കാഡമിക് നിലവാരം ഉയർത്തണമെങ്കിൽ അദ്ധ്യാപകർ ആവശ്യമാണ്. എന്റെ മണ്ഡലമായ കുറ്റ്യാടിയിലെ ഗവൺമെന്റ് സ്കൂളുകളിലെല്ലാം കുട്ടികൾ വർദ്ധിക്കുകയുണ്ടായി. ഒരു ക്ലാസ് റൂമിൽ എഴുപതും എൺപതും കുട്ടികളെ ഇരുത്തി പഠിപ്പിക്കേണ്ട അവസ്ഥയാണ്

ഗവൺമെന്റ് സ്കൂളുകളിൽ ഇന്നുള്ളത്. അവിടെ എങ്ങനെയാണ് അദ്ധ്യാപകർ പഠിപ്പിക്കുന്നത്? പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ വരുമ്പോൾ കാലങ്ങൾ വൈകും. അക്കാഡമിക് നിലവാരം ഉയർത്തിയതിന്റെ ഭാഗമായിട്ടാണ് ഗവൺമെന്റ് സ്കൂളുകളിൽ ഇത്രയുമധികം കുട്ടികൾ വന്നിട്ടുള്ളത്. അതുകൊണ്ട് ആവശ്യത്തിനുള്ള അദ്ധ്യാപകരെ നിയമിക്കണം. അദ്ധ്യാപകരെ നിയമിക്കുമ്പോഴും കുട്ടികളെ ചേർക്കുമ്പോഴും പൈസ വാങ്ങുന്ന പ്രൈവറ്റ് സ്കൂളുകൾക്ക് എം.എൽ.എ. ഫണ്ട് കൊടുക്കേണ്ട ആവശ്യമില്ല.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, അദ്ധ്യാപകരുടെ പ്രശ്നം ഇപ്പോൾ നിലനിൽക്കുന്നുണ്ട്. അത് ഉണ്ടായത് ഇനി ഭാവിയിൽ ഒരു പ്രശ്നം ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ്. കാരണം അഞ്ചെട്ട് വർഷങ്ങളായി നിയമനാംഗീകാരവും ശമ്പളവും ലഭിക്കാതെ ജോലി ചെയ്തിരുന്ന അദ്ധ്യാപകരായിരുന്ന ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നത്. അവരെയെല്ലാം ഉൾപ്പെടുത്തികൊണ്ട്, ആരെയും പുറത്തുവിടാതെ നമ്മുടെ സംസ്ഥാനത്ത് തന്നെ സംരക്ഷിച്ച് നിർത്തുന്നതിനുവേണ്ടിയാണ് അദ്ധ്യാപക പാക്കേജ് ഉണ്ടാക്കിയത്. ആ പാക്കേജ് അനുസരിച്ച് 2011 വരെയുള്ള അദ്ധ്യാപകർക്ക് അംഗീകാരം കൊടുത്തു. ഈ

പാക്കേജിന്റെ പൂർണ്ണതോതിലുള്ള ഉത്തരവ് ഇപ്പോഴാണ് ഇറക്കാൻ കഴിയുന്നത്. കാബിനറ്റ് രണ്ടാഴ്ച മുമ്പാണ് ആ ഉത്തരവ് അംഗീകരിച്ചത്. അത് അംഗീകരിച്ച് വരുമ്പോൾ നിലവിലുള്ള അദ്ധ്യാപകരെയെല്ലാം തന്നെ അദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ ഡിപ്ലോയ് ചെയ്യേണ്ടതായുണ്ട്. അതോടൊപ്പംതന്നെ ആവശ്യമുള്ള സ്കൂളുകളിൽ പി.എസ്.സി. ലിസ്റ്റിൽനിന്നും അദ്ധ്യാപകരെ എടുക്കുമ്പോൾ പൂർണ്ണമായും ഗവൺമെന്റ് സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കും. ഏകദേശം ഒന്നര മാസത്തിനുള്ളിൽ എല്ലാ സ്കൂളുകളിലും ആവശ്യമായ അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കുമെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, അക്കാഡമിക് നിലവാരം ഉയർത്തി കുട്ടികൾക്ക് പഠിക്കാനുള്ള അവസരം കിട്ടുക എന്ന് പറയുന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ കേരളത്തിൽ ഏറ്റവും വലിയ വിജയശതമാനമുണ്ടായി. എന്നാൽ ഹയർ സെക്കണ്ടറി മേഖലയിൽ അത്രയും കുട്ടികൾക്ക് പഠിക്കാൻ അവസരമില്ല. ഇത്രയും വലിയൊരു റിസൾട്ട് കേരളത്തിൽ ഉണ്ടായിട്ടും ഹയർ സെക്കണ്ടറി മേഖലയിൽ കുട്ടികൾക്ക് പഠിക്കാൻ അവസരമില്ലാത്ത സ്ഥിതി ഉണ്ടായിരിക്കുകയാണ്. ഹയർ സെക്കണ്ടറി മേഖലയിൽ പുതിയ ബാച്ച് അനുവദിക്കാൻ കഴിയുന്നതുമില്ല. 20 ശതമാനം സീറ്റ് ഹയർ

സെക്കണ്ടറി മേഖലയിൽ വർദ്ധിപ്പിക്കുക എന്നുള്ളതാണ് ഗവൺമെന്റ് മുന്നോട്ടുവച്ചൊരു നിർദ്ദേശം. ഒരു സ്കൂളും ഇങ്ങനെ എടുക്കാൻ തയ്യാറായിട്ടില്ല എന്നുള്ള നിർഭാഗ്യകരമായൊരു സാഹചര്യം നിലനിൽക്കുകയാണ്. ഇത് ആർക്കും എടുക്കേണ്ട കാര്യം വരുന്നില്ല. അഡ്മിഷൻ ലഭിക്കാതെ കുട്ടികൾ മുഴുവനും പുറത്തുനിൽക്കുകയാണ്. എന്റെ മണ്ഡലമായ കോട്ടയം ജില്ലയിലെ കടുത്തുരുത്തിയിൽ ഒരുപാട് കുട്ടികൾ അഡ്മിഷൻ ലഭിക്കാതെ പുറത്തുനിൽക്കുകയാണ്. തിരുവനന്തപുരം ജില്ലയിലും ഇതുപോലുള്ള അവസ്ഥ നിലനിൽക്കുന്നുണ്ട്. 10 ശതമാനം സീറ്റ് കംപൽസറിയായി എടുക്കണമെന്ന് ഗവൺമെന്റ് കഴിഞ്ഞ വർഷം ഒരു ഉത്തരവ് ഇറക്കുകയുണ്ടായി. അങ്ങനെ 10 ശതമാനം ഓപ്ഷൻ കൊടുക്കുകയുണ്ടായി. ഈ സാഹചര്യം കണക്കിലെടുത്ത് ഇപ്പോൾ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന 20 ശതമാനത്തിൽ 10 ശതമാനം സീറ്റ് നിർബന്ധമായും ഹയർ സെക്കണ്ടറി മേഖലയിൽ എടുക്കണമെന്ന ഉത്തരവ് ഇറക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; ഹയർ സെക്കണ്ടറി മേഖലയിൽ അഡ്മിഷൻ ലഭിക്കാതെ നിൽക്കുന്ന കുട്ടികളെ സഹായിക്കാൻ മുന്നോട്ടുവരുമോ?

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒരു പുതിയ കാര്യമാണ്. കാരണം മലബാർ മേഖലയിൽ 20 ശതമാനമല്ല, 30 ശതമാനം സീറ്റ്

കൊടുത്താലും മാനേജ്മെന്റുകൾ എടുക്കാൻ തയ്യാറാണ്. ഗവൺമെന്റ് സ്കൂളുകളിൽ നിർബന്ധമായും അങ്ങനെ എടുക്കണമെന്നുള്ള ഉത്തരവ് എല്ലാ കൊല്ലവും കൊടുക്കാറുണ്ട്, ഇക്കൊല്ലവും കൊടുത്തിട്ടുണ്ട്. അതുപോലെ ആവശ്യമുള്ള മാനേജ്മെന്റ് സ്കൂളുകൾ അപേക്ഷിച്ചാൽ കൊടുക്കാമെന്നാണ് സർക്കാർ പറഞ്ഞിട്ടുള്ളത്. അപേക്ഷിക്കാൻ പറഞ്ഞാൽ, 20 ശതമാനം സീറ്റ് മതിയോയെന്ന് ചോദിക്കുന്ന മാനേജ്മെന്റ് സ്കൂളുകളാണ് മലബാർ മേഖലയിലുള്ളത്. ശ്രീ. മോൻസ് ജോസഫ് സൂചിപ്പിച്ച കാര്യം മലബാർ ഭാഗത്തില്ല. 10 ശതമാനം സീറ്റ് നിർബന്ധമായും എടുക്കണമെന്നുള്ള ഒരു ഉത്തരവ് കൊടുക്കുന്നത് പ്രായോഗികമാണോ അല്ലെങ്കിൽ അങ്ങനെ കൊടുക്കാൻ കഴിയുമോ എന്നുള്ളത് സംബന്ധിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, കോഴിക്കോട് ജില്ലയിലെ നടക്കാവിൽ അന്താരാഷ്ട്ര നിലവാരത്തിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം അവിടത്തെ എം.എൽ.എ.-യുടെ നേതൃത്വത്തിൽ ഉണ്ടാക്കിയിട്ടുണ്ട്. അതിന് സഹായിച്ച ഫൈസൽ ആന്റ് ശബാന ഫൗണ്ടേഷൻ കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും ഇതുപോലുള്ള സ്കൂളുകൾ സ്ഥാപിക്കാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടോ; അതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് പറയാൻ സാധിക്കുമോ?

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>: സർ, ഫൈസൽ ആന്റ് ശബാന ഫൗണ്ടേഷൻ, ദുബായ് ആണ് കോഴിക്കോട് ജില്ലയിലെ നടക്കാവ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്താൻവേണ്ടി ഏകദേശം 15 കോടി രൂപ ചെലവഴിച്ചത്. ബാക്കി തുക എം.എൽ.എ. ഫണ്ട് ഉപയോഗിച്ചും മറ്റുരീതിയിലുമൊക്കെയാണ് സമാഹരിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ, നമ്മുടെ സംസ്ഥാനത്ത് ആദ്യഘട്ടത്തിൽ 100 സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിൽ കൊണ്ടുവരാൻ വേണ്ടിയുള്ളൊരു പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഫൈസൽ ആന്റ് ശബാന ഫൗണ്ടേഷൻ അതിന്റെ 50 ശതമാനം വഹിക്കുകയും ബാക്കി 25 ശതമാനം എം.എൽ.എ. ഫണ്ട് ഉപയോഗിച്ചും ബാക്കി 25 ശതമാനം ഗവൺമെന്റും വഹിക്കുക എന്നുള്ള രീതിയിലാണ് പ്ലാൻ ഉണ്ടാക്കിയിട്ടുള്ളത്. സ്കൂളുകളെ സെലക്ട് ചെയ്യുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഓരോ ജില്ലയിലും ഓരോ സ്കൂളുകൾ, അതുകഴിഞ്ഞ് ഓരോ മണ്ഡലത്തിലും ഓരോ സ്കൂളുകൾ, അതുകഴിഞ്ഞ് ഓരോ പഞ്ചായത്തിലും ഓരോ സ്കൂളുകൾ അങ്ങനെ മൂന്ന് ഘട്ടങ്ങളിലായാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വളരെ നിഷ്പക്ഷമായും മാനദണ്ഡങ്ങൾ പാലിച്ചും ഓരോ മണ്ഡലത്തിലുമുള്ള അർഹതപ്പെട്ട സ്കൂളുകളെ സെലക്ട് ചെയ്യാൻവേണ്ടിയുള്ളൊരു സമിതിയാണ് രൂപീകരിച്ചിരിക്കുന്നത്.

അതിന്റെ നടപടികൾ പുരോഗമിക്കുകയാണ്. ഫൈസൽ ആന്റ് ശബാന ഫൗണ്ടേഷനുമായി എഗ്രിമെന്റും കാര്യങ്ങളും വയ്ക്കേണ്ടതായുണ്ട്. അതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്വകാര്യ സർവ്വകലാശാല

2 (*542) ശ്രീ. കെ. ദാസൻ:
ഡോ. ടി. എം. തോമസ് ഐസക്:
ശ്രീ. എ. കെ. ബാലൻ:
ശ്രീ. പി. ശ്രീരാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സർവ്വകലാശാല ആരംഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിനായി വിജ്ഞാപനം പുറപ്പെടുവിക്കുകയോ അപേക്ഷ ക്ഷണിക്കുകയോ ചെയ്തിരുന്നോ; നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത സർവ്വകലാശാലാ രൂപീകരണം ഉന്നത വിദ്യാഭ്യാസ രംഗത്തെ എങ്ങനെ സ്വാധീനിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; നിലവിലുള്ളവയെ അത് എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ,

(എ) അപേക്ഷകൾ ക്ഷണിച്ചിട്ടില്ല.

(ബി) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(സി) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാല ആരംഭിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി പ്രൊഫ. (ഡോ.) സിറിയക് തോമസ്, (മുൻ വൈസ് ചാൻസലർ, എം. ജി. സർവ്വകലാശാല) ചെയർമാനായുള്ള സമിതിയെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച റിപ്പോർട്ട് കൗൺസിൽ സർക്കാരിന് സമർപ്പിച്ചിട്ടില്ല.

ശ്രീ. കെ. ദാസൻ: സർ, ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഏത് നയരൂപീകരണവും ആ വിദ്യാഭ്യാസ രംഗത്തെ ഗുണഭോക്താക്കളുമായി ചർച്ച ചെയ്യുക എന്നുള്ളത് സാർവ്വത്രികമായി നമ്മൾ അംഗീകരിച്ച ഒരു കാര്യമാണ്. പക്ഷേ സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കാനുള്ള തീരുമാനമെടുത്തപ്പോൾ, ഇത്തരത്തിൽ ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വിദ്യാഭ്യാസ രംഗത്തുള്ള വിദ്യാർത്ഥി, അദ്ധ്യാപക സംഘടനകളുമായും ഈ രീതിയിൽ ചർച്ച നടത്തിയിട്ടുണ്ടോ; അങ്ങനെ നടത്തിയതിന്റെ പ്രതികരണമെന്താണെന്നുള്ളത് പറയാൻ സാധിക്കുമോ?

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ഇക്കാര്യത്തിൽ ഗവൺമെന്റ് നയപരമായൊരു തീരുമാനവും എടുത്തിട്ടില്ല. അതേയവസരത്തിൽ, ഹയർ എഡ്യൂക്കേഷൻ

കൗൺസിലിന് കാലാനുസൃതമായി കൊണ്ടുവരേണ്ട പരിഷ്കാരങ്ങളെക്കുറിച്ചും മറ്റുരാജ്യങ്ങളിലും സംസ്ഥാനങ്ങളിലുമൊക്കെ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുമൊക്കെ പഠിക്കാനും റിപ്പോർട്ട് തയ്യാറാക്കാനുമൊക്കെയുള്ള അവകാശങ്ങളുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അവർ രൂപീകരിച്ച കമ്മിറ്റിയുടെ കാര്യമാണ് ഞാൻ പറഞ്ഞത്. അവർ ഗവൺമെന്റിന് റിപ്പോർട്ട് നൽകുന്ന മുറയ്ക്ക്, അത് പരിശോധിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ സാഹചര്യത്തിൽ ഇത്തരം സർവ്വകലാശാലകൾ രൂപീകരിക്കേണ്ടതുണ്ടോ ഇല്ലയോ എന്നുള്ള കാര്യത്തിൽ നയപരമായ തീരുമാനമെടുത്തതിനുശേഷം മാത്രമേ ഗവൺമെന്റ് മുന്നോട്ടുപോകുകയുള്ളൂ.

<u>ശ്രീ. കെ. ദാസൻ</u>: സർ, എം.ജി. സർവ്വകലാശാലയിലെ വൈസ് ചാൻസലറെ അദ്ധ്യക്ഷനാക്കി ഒരു കമ്മിറ്റി രൂപീകരിച്ചതായി പത്രത്തിൽ വായിച്ചിരുന്നു. സ്വകാര്യ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് 2005-ൽ Prof. Yashpal v. State of Chattisgarh കേസിലുണ്ടായ സുപ്രീം കോടതി വിധി പഠനവിധേയമാക്കിയിട്ടുണ്ടോ; ഒരുമിച്ച് 112 സ്വകാര്യ സർവ്വകലാശാലകൾ നിയമവിരുദ്ധമായി പ്രഖ്യാപിക്കുകയാണ് കോടതി ചെയ്തിട്ടുള്ളത്. ഈ സുപ്രീം കോടതി വിധിക്ക് ആധാരമായ വസ്തുതകൾ വിലയിരുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഇക്കാര്യത്തിൽ ഗവൺമെന്റ് ഇതുവരെ ഒന്നും ചെയ്തിട്ടില്ല. നയപരമായി എടുക്കാത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല രൂപീകരിച്ച് വൈസ് ചാൻസലറെ നിയമിച്ചു എന്ന വാർത്ത ഏത് പത്രത്തിലാണ് വന്നതെന്ന് എനിക്കറിയില്ല. അങ്ങനെ ഒരു കാര്യം ഗവൺമെന്റ് ചെയ്തിട്ടില്ല. നമ്മുടെ സംസ്ഥാനത്ത് പ്രൈവറ്റ് സർവ്വകലാശാലയില്ല. അത് ആവശ്യമുണ്ടോ എന്നുതന്നെ ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. മൂന്നൂറോളം സ്വകാര്യ സർവ്വകലാശാലകൾ രാജ്യത്തിന്റെ പല സംസ്ഥാനങ്ങളിലുണ്ട്. ഏറ്റവും കൂടുതൽ സ്വകാര്യ സർവ്വകലാശാലകൾ ഉള്ളത് രാജസ്ഥാനിലാണ്. നമ്മുടെ സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾ ആരംഭിച്ചിട്ടില്ല. വൈസ് ചാൻസലറെ നിയമിച്ചു എന്നതും ഒരുമിച്ച് സർവ്വകലാശാലകൾ അനുവദിച്ചു എന്ന് പറയുന്നതും മറ്റേതെങ്കിലും സംസ്ഥാനത്തായിരിക്കും, നമ്മുടെ സംസ്ഥാനത്തല്ല.

<u>ഡോ. റ്റി. എം. തോമസ് ഐസക്കിനുവേണ്ടി ശ്രീ. ബാബു എം. പാലിശ്ശേരി</u>: സർ, പൊതുഭരണ സംവിധാനത്തെക്കുറിച്ച് നേരത്തെ പറഞ്ഞു. സംസ്ഥാനത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ മേഖലയിൽ ചില തകരാറുകളൊക്കെ ഉണ്ടായെങ്കിലും പൊതുവിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന സർവ്വകലാശാലകൾ ഉണ്ട്. അവിടെ പിന്നോക്ക വിദ്യാർത്ഥികൾക്ക് അഡ്മിഷന്റെ

കാര്യത്തിലും സംവരണത്തിന്റെ കാര്യത്തിലും ഫീസിളവിന്റെ കാര്യത്തിലുമൊക്കെ നിരവധി സംവിധാനങ്ങൾ നിലവിലുണ്ട്. സ്വകാര്യ സർവ്വകലാശാലകൾ ആരംഭിച്ച സ്ഥലങ്ങളിൽ ഇത് സംബന്ധിച്ച് നിരവധി ആക്ഷേപങ്ങളുമുണ്ട്. 2013-ൽ ഹിമാചൽ പ്രദേശ് ഹൈക്കോടതി ചില പത്ര വാർത്തകൾ ആസ്പദമാക്കി സ്വകാര്യ സർവ്വകലാശാലകൾ, സംസ്ഥാന സർക്കാർ, യു.ജി.സി. എന്നിവർക്കെതിരെ സ്വമേധയാ കേസെടുക്കുകയും നടപടികളുമായി മുന്നോട്ടുപോവുകയും ചെയ്തു. സ്വകാര്യ സർവ്വകലാശാലകൾ ഉന്നതവിദ്യാഭ്യാസ രംഗം മലിനീകരിക്കുന്നു എന്നാണ് ഈ വിഷയത്തിൽ കോടതി നിരീക്ഷണം നടത്തിയിട്ടുള്ളത്. ഈ വിഷയങ്ങളെല്ലാം പരിഗണിച്ചുകൊണ്ടുവേണം പുതിയ സ്വകാര്യ സർവ്വകലാശാലകളെക്കുറിച്ച് അലോചിക്കേണ്ടത്. അത്തരം കാര്യങ്ങളിൽ എന്തെങ്കിലും പഠനം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ആദ്യം പറഞ്ഞ കാര്യം ഞാൻ നിഷേധിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് വിദ്യാഭ്യാസ മേഖല നല്ലനിലയിലായിരുന്നു, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ മോശമായി എന്നുപറയുന്നത് കണ്ണും ചെവിയുമൊക്കെയുള്ള ആളുകൾ പറയുന്ന കാര്യമല്ല. കഴിഞ്ഞ നാല് വർഷമായി വളരെ ഉന്നതമായ നിലയിലാണ്

വിദ്യാഭ്യാസ രംഗം മുന്നോട്ടുപോകുന്നത്. സ്വകാര്യ സർവ്വകലാശാലകളെ സംബന്ധിച്ച് നടപടിയുണ്ടായി എന്ന് പറഞ്ഞാൽ നമ്മൾ ഇവിടെ അങ്ങനെയൊരു കാര്യം ചെയ്തിട്ടേയില്ല. ഏത് കാര്യവും ചെയ്യുമ്പോൾ അതിന്റെ prose and cons വിലയിരുത്തി സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കാനായി വിദ്യാഭ്യാസരംഗത്തെ വിചക്ഷണരായ ആളുകളെയാണ് നിയമിച്ചിട്ടുള്ളത്. അവർ തയ്യാറാക്കുന്ന റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കുന്ന മുറയ്ക്ക് അത് പഠിച്ച് സ്വകാര്യ സർവ്വകലാശാലകൾ നമുക്ക് ആവശ്യമുണ്ടോ; അതിലെ ഏതെങ്കിലും കാര്യങ്ങൾ ഒഴിവാക്കേണ്ടതുണ്ടോ; എന്തെങ്കിലും കൂട്ടിച്ചേർക്കേണ്ടതുണ്ടോ എന്നൊക്കെ തീരുമാനിക്കുന്നത് നയപരമായി സ്വകാര്യ സർവ്വകലാശാല സംസ്ഥാനത്ത് ആവശ്യമുണ്ടോ എന്ന് തീരുമാനിച്ചതിനുശേഷമാണ്. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ അവരുടേതായ രീതിയിൽ ഒരു പഠനം നടത്താൻ കമ്മിറ്റിയെ നിയോഗിച്ചു. പഠനത്തിൽ സ്വകാര്യ സർവ്വകലാശാലയെക്കുറിച്ചുള്ള പൊതുവായ കാര്യങ്ങൾ, നിലവിൽ സ്വകാര്യ സർവ്വകലാശാലകൾ പ്രവർത്തിക്കുന്ന സംസ്ഥാനങ്ങളിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, അത് എങ്ങനെ മറികടക്കാം, അതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണ് തുടങ്ങിയ കാര്യങ്ങളുണ്ടാകും. ഇതെല്ലാം പഠിച്ചതിനുശേഷം സ്വകാര്യ സർവ്വകലാശാലകൾ നമ്മുടെ സംസ്ഥാനത്ത് ആവശ്യമുണ്ടോ എന്ന നയപരമായ

തീരുമാനമെടുത്തതിനുശേഷം സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കണമെന്നാണ് തീരുമാനമെങ്കിൽ കേരളത്തിന്റെ സാഹചര്യത്തിൽ എങ്ങനെ സാധ്യമാക്കാൻ സാധിക്കും എന്ന് പരിശോധിക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ ചെയർമാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ്. അദ്ദേഹം അറിയാതെ ഇത്തരത്തിൽ ഒരു കമ്മിറ്റിയെ നിയോഗിക്കുമെന്ന് ആരും വിശ്വസിക്കുകയില്ല. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ചെയർമാനായ മന്ത്രി പറയുന്നത് എനിക്ക് ഇതുമായി യാതൊരു ബന്ധവുമില്ല, ഗവൺമെന്റ് നയപരമായി തീരുമാനിച്ചിട്ടില്ല എന്നാണ്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്തെ വരേണ്യവൽക്കരിക്കുന്നതിനും വാണിജ്യവൽക്കരിക്കുന്നതിനുമുള്ള നടപടി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തുടങ്ങിയതാണ്. 13 കോളേജുകൾ നിങ്ങൾ ഓട്ടോണമസ് ആക്കാൻ തീരുമാനിച്ചു. കേരളത്തിലുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും നിങ്ങൾ ഓട്ടോണമസാക്കുകയും അതിന്റെ കോൺഫെഡറേഷനാക്കി ഒരു യൂണിവേഴ്സിറ്റി വരാൻ പോവുകയുമാണ്. ഇപ്പോൾ കേരളത്തിലെ യൂണിവേഴ്സിറ്റിയും സ്വകാര്യവൽക്കരിക്കാൻ പോവുകയാണ്. ഇതുകൊണ്ടാണ് കേരളത്തിലെ ഭരണകക്ഷിയുടെ പ്രധാന പത്രമായ വീക്ഷണം

'വിദ്യാഭ്യാസ രംഗം ഈജിയൻ തൊഴുത്താക്കി മാറ്റിയിരിക്കുന്നു' എന്ന് എഴുതിയത്. ഇതിന്റെ ഉള്ളിലുള്ള രഹസ്യം ആർക്കും അറിഞ്ഞുകൂടാത്തതുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ആരെയും ധരിപ്പിക്കരുത്. ബഹുമാനപ്പെട്ട മന്ത്രിയുടെ അറിവോടെയാണോ അങ്ങ് ചെയർമാനായിട്ടുള്ള ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ഈ തീരുമാനമെടുത്തത് എന്നാണ് ഈ സഭയ്ക്ക് അറിയേണ്ടത്?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഗവൺമെന്റ് ഇക്കാര്യത്തിൽ നയപരമായ തീരുമാനമെടുത്തിട്ടില്ല എന്ന് ഞാൻ പറഞ്ഞു. ഈ കമ്മിറ്റിയെ നിയോഗിച്ച യോഗത്തിൽ ഞാൻ പങ്കെടുത്തിട്ടില്ല ............ ഞാൻ പറയട്ടെ......... ശ്രീ. എ. കെ. ബാലൻ പറഞ്ഞത് ഞാൻ കേട്ടല്ലോ..............

മി. സ്പീക്കർ: അങ്ങയുടെ ചോദ്യത്തിന് മന്ത്രി മറുപടി പറയട്ടെ. അങ്ങ് അത് കേൾക്കണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, മിക്കവാറും കമ്മിറ്റികളുടെ ചെയർമാനായി വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉണ്ടാകും. പക്ഷേ ആ സമിതിയുടെ എല്ലാ യോഗത്തിലും വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉണ്ടാകണമെന്നില്ല. അവിടെ വൈസ് ചെയർമാൻ, മെമ്പർ സെക്രട്ടറി, മെമ്പർമാർ തുടങ്ങിയവരൊക്കെയുണ്ട്. ശ്രീ. ശ്രീനിവാസനാണ് വൈസ് ചെയർമാൻ. അവരാണ് തീരുമാനങ്ങളെടുക്കുന്നത്. ഇതിനുമുമ്പും പല റിപ്പോർട്ടുകളും

ഹയർ എഡ്യൂക്കേഷൻ കൗൺസിൽ തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അതുപോലെ ഓട്ടോണമി കൊടുക്കുക എന്നുപറയുന്നതും പ്രൈവറ്റ് സർവ്വകലാശാല എന്ന് പറയുന്നതും രണ്ടും രണ്ടാണ്. ഓട്ടോണമി കൊടുക്കാൻ തീരുമാനിച്ചത് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ആ കോളേജുകളെല്ലാം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. 11 കോളേജുകൾക്കാണ് ഓട്ടോണമി കൊടുത്ത്. രണ്ടാമത്തെ ഘട്ടത്തിൽ 9 കോളേജുകൾ റെക്കമെന്റ് ചെയ്ത് വന്നിട്ടുണ്ട്. അക്കാദമിക് അപ്രൂവൽ കമ്മിറ്റി അതിന് അംഗീകാരം കൊടുത്തിട്ടുണ്ട്. ഇനി ഗവൺമെന്റ് അംഗീകരിക്കണം. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും നമ്മുടെ രാജ്യത്തിലെ മറ്റ് സംസ്ഥാനങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന ഉന്നതവിദ്യാഭ്യാസരംഗത്തെ മാറ്റങ്ങളൊന്നും കണ്ടില്ല എന്നുനടിച്ചുകൊണ്ട് നമുക്ക് മുന്നോട്ടുപോകാൻ കഴിയില്ല. എല്ലാം സ്വകാര്യമേഖലയിലാക്കുന്ന എന്നതല്ല അതിനർത്ഥം. മാർക്സിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഇനി 50 വർഷം കഴിഞ്ഞാലെ ഓട്ടോണമസ് കോളേജുകളും സ്വകാര്യ സർവ്വകലാശാലകളുമൊക്കെ ആവശ്യമുണ്ടോ എന്ന കാര്യത്തിൽ തീരുമാനം എടുക്കുകയുള്ളൂ. അവർക്ക് എല്ലാം 50 വർഷം കഴിഞ്ഞാൽ മാത്രമേ ബോധ്യമാവുകയുള്ളൂ.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ............

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട എ. കെ. ബാലൻ, ഇത് ചോദ്യോത്തര സമയാണ്. പ്ലീസ് ....... പ്ലീസ് .......

<u>ശ്രീ. പി. ശ്രീരാമകൃഷ്ണനുവേണ്ടി ശ്രീ. ആർ. രാജേഷ്:</u> സർ, കച്ചവട വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് മാർക്സിസ്റ്റ് പാർട്ടിക്ക് നല്ല രീതിയിലുള്ള കാഴ്ചപ്പാടാണുള്ളത്. ആ കാഴ്ചപ്പാടിന്റെ ഭാഗമായുള്ള അഭിപ്രായങ്ങളാണ് ഞങ്ങൾ പറയുന്നത്. തെറ്റായ ദിശയിലേയ്ക്ക് പോകുമ്പോൾ കോടതിപോലും ഇടപെടുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം കെ. ദാസൻ സൂചിപ്പിച്ചതുപോലെ Prof. Yashpal v. State of Chattisgarh കേസിൽ സുപ്രീം കോടതിയുടെ സുപ്രധാനമായ വിധിയും ഹിമാചൽ പ്രദേശിലെ ഹൈക്കോടതിയുടെ സുപ്രധാനമായ വിധിയും സ്വകാര്യ സർവ്വകലാശാലകളെ സംബന്ധിച്ചുണ്ട്. ഇന്ത്യയിൽ 209 സ്വകാര്യ സർവ്വകലാശാലകളിൽ ഭൂരിപക്ഷം സർവ്വകലാശാലകളും പൂട്ടേണ്ടതാണ് എന്ന അഭിപ്രായമാണ് സുപ്രീം കോടതിയും വിവിധ സംസ്ഥാനങ്ങളിലെ ഹൈക്കോടതിയും സ്വീകരിച്ചിട്ടുള്ളത്. ഇവിടെ ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ വക്താക്കൾ വളരെ രഹസ്യമായും പരസ്യമായും സ്വയംഭരണ സർവ്വകലാശാലയെക്കുറിച്ചും സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കണമെന്നും കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽ പരസ്യമായ

അഭിപ്രായപ്രകടനം നടത്തുന്നവരാണ്. അങ്ങനെ അഭിപ്രായപ്രകടനം നടത്തുന്ന ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ റിപ്പോർട്ട് സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കണമെന്നതന്നെയാകും. അതിന്റെ ചെയർമാനായിരിക്കുന്ന മന്ത്രിക്ക് അക്കാര്യത്തിൽ ഉത്തരവാദിത്വം ഇല്ല എന്ന് പറയുന്നതിൽ ധാർമ്മികതയില്ല. അങ്ങുകൂടി പങ്കെടുത്ത് യോഗം ചേർന്ന് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന നിലപാട് സ്വീകരിക്കാതെ അതിൽ ആവശ്യമായ പരിശോധനകൾ നടത്തി തിരുത്താനാവശ്യമായ സമീപനം സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ പറയാനുള്ളത് വളരെ കൃത്യമായി പറഞ്ഞുകഴിഞ്ഞു. ഗവൺമെന്റ് ഇക്കാര്യത്തിൽ നയപരമായ തീരുമാനം എടുത്തിട്ടില്ല. അതുകൊണ്ടുതന്നെ ഇവിടെ സൂചിപ്പിച്ച കോടതി വിധി ഇപ്പോൾ നമുക്ക് ബാധകമല്ല. എന്നാൽ ഇത് സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റി ഇക്കാര്യങ്ങളെല്ലാം വിലയിരുത്തണം. നമ്മുടെ രാജ്യത്ത് 213 സ്വകാര്യ സർവ്വകലാശാലകളുണ്ട്. ഏറ്റവും കൂടുതലുള്ളത് രാജസ്ഥാനിലാണ് (39 എണ്ണം). ആസാം, അരുണാചൽ പ്രദേശ്, ഛത്തീസ്ഗഡ്, ഗുജറാത്ത്, ഹരിയാന, ഹിമാചൽ പ്രദേശ്, ജാർഖണ്ഡ്, കർണ്ണാടക, മധ്യപ്രദേശ്, മഹാരാഷ്ട്ര, മേഘാലയ, മിസോറാം, നാഗാലാന്റ്, ഒഡീഷ, പഞ്ചാബ്, രാജസ്ഥാൻ, സിക്കിം, ത്രിപുര, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, വെസ്റ്റ് ബംഗാൾ

എന്നീ സംസ്ഥാനങ്ങളിലൊക്കെ സ്വകാര്യ സർവ്വകലാശാലകളുണ്ട്. നമ്മുടെ സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാല ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ചുള്ള പ്രാഥമിക പഠനം നടത്തുന്നതാണ്. പ്രാഥമിക പഠനം നടത്തി റിപ്പോർട്ട് ലഭിക്കുമ്പോൾ ചെയർമാനായ ഞാനുംകൂടി പങ്കെടുത്തുതന്നെയാണ് റിപ്പോർട്ട് കൊണ്ടുവരുന്നത്. സ്വകാര്യ സർവ്വകലാശാല ആവശ്യമുണ്ടോ എന്ന കാര്യം അവിടെവച്ചുതന്നെ തീരുമാനിക്കും. അതിനുശേഷം ഗവൺമെന്റ് പരിശോധിക്കും. ഗവൺമെന്റ് നയപരമായ തീരുമാനമെടുക്കണം. ഓട്ടോണമി കൊടുക്കാൻ തീരുമാനിച്ചപ്പോഴും ഗവൺമെന്റ് നയപരമായ തീരുമാനമെടുത്തിട്ടാണ് കൊടുത്തത്. സെൽഫ് ഫിനാൻസിംഗ് കോളേജുകൾ നിങ്ങളുടെ കാലത്ത് ആദ്യമായി ആരംഭിച്ചപ്പോഴും അങ്ങനെയല്ലേ ചെയ്തത്. അതുപോലെ തീരുമാനമെടുക്കാതെ ഒറ്റ രാത്രികൊണ്ട് എന്തെങ്കിലും ചെയ്യാനുള്ള ഉദ്ദേശം ഇക്കാര്യത്തിൽ ഇല്ല. വളരെ വ്യക്തമായി ചർച്ചകൾ നടത്തി അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കുന്നത് സംബന്ധിച്ച തീരുമാനമെടുക്കുകയുള്ളൂ. ....... (ബഹളം) ..........

<u>മി. സ്പീക്കർ</u>: പ്ലീസ്..... പ്ലീസ്...... മന്ത്രി ഏത് രീതിയിൽ മറുപടി പറയണമെന്ന് ചെയറിന് പറയാൻ കഴിയില്ല. ....(ബഹളം)...... ബഹുമാനപ്പെട്ട

അംഗങ്ങൾക്ക് ചോദ്യം ചോദിക്കാൻ അവസരം വേണമെന്നുണ്ടെങ്കിൽ അനുവദിക്കാം. ഇങ്ങനെ ബഹളമുണ്ടാക്കരുത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, സർവ്വകലാശാലകളുടെ നിലവാരം സംബന്ധിച്ച് പരിശോധിച്ചാൽ പൊതുമേഖലയിലുള്ള എല്ലാ സർവ്വകലാശാലകളും മികച്ചതും സ്വകാര്യമേഖലയിലുള്ള എല്ലാ സർവ്വകലാശാലകളും നിലവാരം പുലർത്താത്തതുമാണ് എന്ന സങ്കൽപ്പം തെറ്റാണ്. നല്ലതും മോശമായതും/ മികച്ചതും അല്ലാത്തതുമായിട്ടുള്ള സർവ്വകലാശാലകൾ രണ്ട് മേഖലകളിലുമുണ്ട്. സ്വകാര്യ സർവ്വകലാശാലകൾ വേണോ വേണ്ടയോ എന്ന കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി നയപരമായ തീരുമാനമെടുക്കണം. ലോകത്തിലെ ഏറ്റവും മികച്ച സർവ്വകലാശാലകളിൽ എത്രയോയെണ്ണം സ്വകാര്യമേഖലകളിൽ പ്രവർത്തിക്കുന്നവയാണ്. നാൽപ്പത്തിയൊന്നിലധികം നോബൽ പ്രൈസ് വിന്നേഴ്സ് വരെയുണ്ടായിട്ടുള്ള, നാസ-യ്ക്ക് സഹായകരമായ ഗവേഷണങ്ങൾ നടത്തുന്ന, എഴുപത് ലക്ഷത്തോളം പുസ്തകങ്ങളുള്ള ലൈബ്രറികളോടുകൂടിയ അതിഗംഭീരമായി ഗവേഷണപഠനരംഗത്ത് ലോകത്തിൽ തന്നെ ഉന്നതനിലവാരം പുലർത്തുന്ന സർവ്വകലാശാലകൾ പലതും സ്വകാര്യമേഖലയിലുണ്ട്. സ്വകാര്യമേഖലയ്ക്കെതിരായി കുരിശുയുദ്ധം നടത്തുന്ന ആളുകൾക്ക്

സ്വകാര്യമേഖലയുടെ പങ്കാളിത്തം പിന്നീട് സ്വീകരിക്കേണ്ടിവന്നിട്ടുണ്ട്. സ്വകാര്യമേഖല എല്ലാ രംഗങ്ങളിലും - വ്യവസായത്തിലും, വിദ്യാഭ്യാസത്തിലും, ആരോഗ്യത്തിലും- സജീവമായി വരുന്ന ഒരു യാഥാർത്ഥ്യമാണെന്ന വസ്തുത, ഒട്ടകപക്ഷിയെപ്പോലെ തല പൂഴ്ത്തിവച്ചിട്ട് ഞാനൊന്നും കാണുന്നില്ലെന്ന് ധരിച്ചിട്ട് കാര്യമില്ല. ആവശ്യമാണെങ്കിൽ സ്വകാര്യ സർവ്വകലാശാലകളെയും അംഗീകരിക്കാൻ തയ്യാറാകുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, നേരത്തെ പറഞ്ഞതുതന്നെയാണ് എനിക്ക് ഇപ്പോഴും പറയാനുള്ളത്. ഗവൺമെന്റ് നയപരമായ തീരുമാനമെടുത്തിട്ടില്ല. റിപ്പോർട്ട് വന്നതിനുശേഷം അത് പരിഗണിച്ച് എന്തുവേണമെന്നുള്ള തീരുമാനം അപ്പോൾ എടുക്കും.

ശ്രീ. എസ്. ശർമ്മ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൽ പറഞ്ഞത് അദ്ദേഹം ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ യോഗത്തിൽ പങ്കെടുത്തിരുന്നില്ല, ഗവൺമെന്റ് നയപരമായി തീരുമാനം എടുത്തിട്ടില്ല എന്നാണ്. എന്നാൽ ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിൽ സ്വകാര്യ സർവ്വകലാശാലകൾ പ്രവർത്തിച്ചുവരുന്നു. ഇവിടെ തീരുമാനിച്ചിട്ടില്ല. ഇപ്പോൾ സ്വകാര്യ സർവ്വകലാശാലകൾ വേണോ വേണ്ടയോ എന്നത് ഹയർ എഡ്യൂക്കേഷൻ

കൗൺസിൽ എടുത്തിരിക്കുന്ന തീരുമാനമാണ്. അത് ഏത് ഉത്തരവിൻപ്രകാരമാണ്; മന്ത്രിസഭ അത് കണ്ടിട്ടുണ്ടോ; ആ കൗൺസിലിന്റെ തീരുമാനമടങ്ങുന്ന ഫയൽ മന്ത്രിയും ചെയർമാനും എന്നുള്ള നിലയിൽ അങ്ങ് കണ്ടിട്ടുണ്ടോ എന്ന കാര്യം ഈ സഭയിൽ വ്യക്തമാക്കണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്, ഉന്നതവിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായി കൊണ്ടുവരേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനും അതിന് പഠന റിപ്പോർട്ടുണ്ടാക്കുവാനുമുള്ള അധികാരമുണ്ട്. അതിന് ഗവൺമെന്റിന്റെ ഉത്തരവിന്റെ ആവശ്യമില്ല.

ശ്രീ. ജോസഫ് വാഴക്കൻ: സർ, വിദ്യാഭ്യാസമേഖലയിലെ പുതിയ മാറ്റങ്ങളെക്കുറിച്ചും ലോകത്തെമ്പാടുമുള്ള മാറ്റങ്ങളെക്കുറിച്ചും പഠിച്ചശേഷം അത് കേരളത്തിൽ നടപ്പിലാക്കാൻ കഴിയുമോ എന്നതിനെ കുറിച്ച് പഠിക്കുന്നതിനാണ് ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിരിക്കുന്നത് എന്ന് അങ്ങ് പറയുകയുണ്ടായി. ഡോ. ടി. പി. ശ്രീനിവാസൻ വൈസ് ചെയർമാനായിട്ടുള്ള കമ്മിറ്റി ഒരു പഠനം നടത്തുന്നതിൽ എന്താണ് തെറ്റ്. ആ കമ്മിറ്റി പഠനം നടത്തി റിപ്പോർട്ട് കൊണ്ടുവരുമ്പോൾ അത് പ്രയോജനകരമാണെന്ന് തോന്നിയാൽ അത് നടപ്പിലാക്കാം. ആ റിപ്പോർട്ട് വരുമ്പോൾ അത് പഠിച്ച് പ്രായോഗികമാണെങ്കിൽ

അത് നടപ്പിലാക്കുന്നതിനെ കുറിച്ച് ആലോചിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഈ കാര്യത്തിൽ നയപരമായ തീരുമാനമെടുക്കേണ്ടത് സർക്കാരാണ്.

ശ്രീ. സാജു പോൾ: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് നമ്മൾ ജാഗ്രത പുലർത്തിയില്ലെങ്കിൽ മദ്ധ്യപ്രദേശത്തുണ്ടായ വ്യാപം അഴിമതിയെക്കാൾ വലിയ കുഴപ്പങ്ങൾ സംസ്ഥാനത്ത് സംഭവിക്കും. ഇപ്പോൾ സ്വാശ്രയ കോളേജുകൾ വ്യാപകമായി ആരംഭിച്ചു. നിരവധി സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ലോകത്ത് Massive open online course-കൾ ചെയ്യുന്ന Online University-കൾ, അമേരിക്കയിലെ ഒഡാസിറ്റി പോലെയുള്ള യൂണിവേഴ്സിറ്റികളിൽ ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ പഠിക്കുകയാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ പുതിയ സ്വകാര്യ സർവ്വകലാശാലകൾ അനുവദിക്കുന്നതിനുപകരം നിലവിലുള്ള യൂണിവേഴ്സിറ്റികൾ....... സ്പോർട്സിനും പോലീസിനും ഇനിയും യൂണിവേഴ്സിറ്റികൾ വേണമെന്നാണ് പറയുന്നത്. ഇപ്പോഴുള്ള യൂണിവേഴ്സിറ്റികളിലെ സിൻഡിക്കേറ്റ്, സെനറ്റ് യോഗങ്ങളിലെല്ലാം സർവ്വീസ് പ്രശ്നങ്ങൾ മാത്രം ചർച്ച ചെയ്ത് വലിയ വിവാദങ്ങളും പ്രശ്നങ്ങളും നിലനിൽക്കുകയാണ്. അതുകൊണ്ട് ഉള്ള യൂണിവേഴ്സിറ്റികളെ സമ്പുഷ്ടമാക്കാനും ഓൺലൈൻ യൂണിവേഴ്സിറ്റികൾപോലെയുള്ള

യൂണിവേഴ്സിറ്റികളുടെ കടന്നാക്രമണം ഭാവിയിൽ വരുമെന്നുള്ള തിരിച്ചറിവോടുകൂടിയും കേരളത്തിലെ വിദ്യാഭ്യാസ മേഖലയെയും കേരളാ മോഡലിനെയും സംരക്ഷിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, കേരളാ മോഡലിനെ സംരക്ഷിക്കണമെന്നുള്ളതുകൊണ്ട് 50 വർഷം മുൻപ് കേരളത്തിൽ നടന്നതുതന്നെ ഇപ്പോഴും നടക്കണമെന്ന് പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. അതേ അവസരത്തിൽ ഇപ്പോഴുള്ള കുട്ടികൾ പഴയ കാലത്തെപ്പോലെയല്ല. ആ പ്രായത്തിലുള്ളവർ എത്രയോ ബുദ്ധിമാൻമാരാണ്. അവരുടെ ഐ.ക്യൂ.-വിൽ തന്നെ വലിയ വ്യത്യാസം ഉണ്ട്. ലോകത്തെമ്പാടും ധാരാളം നൂതനമായ കാര്യങ്ങൾ നടക്കുമ്പോൾ അതിനുള്ള സൗകര്യങ്ങളും സാഹചര്യങ്ങളും അവസരങ്ങളും കുട്ടികൾക്ക് ഉണ്ടാക്കിക്കൊടുക്കാൻ കഴിയാത്തതുകൊണ്ടാണ് അവർ അന്യസംസ്ഥാനങ്ങളെയും അന്യരാജ്യങ്ങളെയും ആശ്രയിക്കുന്നത്. ഇവിടെയുള്ള എത്രയോ കുട്ടികൾ ലണ്ടനിലേയ്ക്കും ഓസ്ട്രേലിയയിലേയ്ക്കും പോകുന്നു. എന്തുകൊണ്ട് അവരെ ഇവിടെത്തന്നെ പഠിപ്പിക്കാൻ കഴിയുന്നില്ല. നമ്മൾ പുതിയതായി ഒന്നും ചെയ്യുന്നില്ല. പഠിച്ചതൊന്നും മറക്കില്ല, പുതിയതൊന്നും പഠിക്കില്ല എന്നുപറഞ്ഞതുപോലെ , ആ ഒരു സാഹചര്യത്തിൽ നമുക്ക് പോകാൻ കഴിയില്ല.

നമ്മുടെ സംസ്ഥാനത്തിന് യോജിച്ച പുതിയ കാര്യങ്ങൾ കൊണ്ടുവരികയും അതിനുള്ള അവസരം ഉണ്ടാക്കികൊടുക്കുകയും ചെയ്യണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ബഹുമാന്യനായ മന്ത്രി ഇതുസംബന്ധിച്ച് പറഞ്ഞ കാര്യങ്ങൾ വസ്തുതാവിരുദ്ധമാണ്. ഈ കഴിഞ്ഞ മാർച്ച് 4-ാം തീയതി ശ്രീ. ആന്റ്രൂസ് താഴത്ത് ബഹുമാന്യനായ മുഖ്യമന്ത്രിക്കെഴുതിയ കത്തിന്റെ കോപ്പിയാണിത്. 'We are proposing to establish a private University in that State of Kerala in the name of blessed Mother Theresa especially for the benefit of young boys and girls'. ഇതാണ് കത്ത്. അതിനെത്തുടർന്ന് ഹയർ എഡ്യൂക്കേഷൻ കൗൺസിലിലെ മെമ്പേഴ്സിന് ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ വൈസ് ചെയർമാനായ ശ്രീ. ടി. പി. ശ്രീനിവാസൻ കൊടുത്ത കത്തിന്റെ രണ്ടാമത്തെ ഖണ്ഡിക ഞാൻ വായിക്കാം. 'The Chief Minister has received some request to set up the private University in Kerala and he has asked us to study the feasibility from all…. Accordingly I proposed to appoint a Committee under the Chairmanship of Prof. Cyriac Thomas'. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത് വസ്തുതാപരമായി

തെറ്റാണ്. സഭയെ തെറ്റിദ്ധരിപ്പിക്കലാണ്. ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ബിഷപ്പ് ആന്ത്രൂസ് താഴത്ത് കത്ത് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി ആ കത്ത് ഹയർ എഡ്യൂക്കേഷൻ കൗൺസിലിന് ഫോർവേഡ് ചെയ്തു. അതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ഒരു കമ്മിറ്റി വന്നിരിക്കുന്നത്. ഞാനിത് മേശപ്പുറത്ത് വയ്ക്കാം. സഭയെ തെറ്റിദ്ധരിപ്പിക്കരുത്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, സഭയെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു കാര്യവുമില്ല. മുഖ്യമന്ത്രി കത്ത് അയച്ചോ ഇല്ലയോ എന്നുള്ളത് ഞാൻ പറഞ്ഞില്ലല്ലോ. ...(ബഹളം)... ഞാൻ പറഞ്ഞത് മുഖ്യമന്ത്രിക്കാണെങ്കിലും മറ്റ് മന്ത്രിമാർക്കാണെങ്കിലും അവരുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് കത്ത് എഴുതാം. മുഖ്യമന്ത്രിക്ക് ഏത് വകുപ്പിന്റെയും കാര്യത്തിന് കത്തെഴുതാം. അദ്ദേഹത്തിന് ഒരു കത്ത് ലഭിച്ചാൽ ബന്ധപ്പെട്ട സ്ഥാപനത്തിന് ആ കത്ത് കൈമാറാനും ആവശ്യമായ നടപടികളുമായി മുന്നോട്ടുപോകാനും നിർദ്ദേശം കൊടുക്കുന്നതിൽ തെറ്റൊന്നുമില്ല. അതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരിച്ചെന്ന് വൈസ് ചെയർമാൻ തന്നെ പറഞ്ഞിട്ടുണ്ടല്ലോ. അതിന്റെ അർത്ഥം നയപരമായ തീരുമാനം എടുത്തു എന്നാണോ? അതിന്റെ അർത്ഥം നയപരമായ തീരുമാനം എടുത്തുവെന്നല്ല.

## ഡി.സി. സ്യൂട്ട് പദ്ധതി

*543. ഡോ. എൻ. ജയരാജ്:
ശ്രീ. എം. വി. ശ്രേയാംസ് കുമാർ:
ശ്രീ. റോഷി അഗസ്റ്റിൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളക്ടറേറ്റുകളിൽ ഡി.സി സ്യൂട്ട് എന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ഫയൽ പ്രോസസിംഗ് രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ,

(എ) തിരുവനന്തപുരം ജില്ലയൊഴികെയുള്ള ജില്ലകളിലെ കളക്ടറേറ്റുകളിൽ ഡി.സി. സ്യൂട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) വളരെ വേഗത്തിലും എളുപ്പത്തിലും ഫയൽ പ്രോസസിംഗ് നടത്തുവാൻ കഴിയും എന്നുള്ളതാണ് ഇതിന്റെ പ്രധാന നേട്ടം. മേലധികാരികൾക്ക് ഫയൽ ട്രാക്കിംഗ് വളരെ പെട്ടെന്ന് തന്നെ നടത്തുവാൻ കഴിയുന്നതു കൂടാതെ ഫയൽ പ്രോസസിംഗിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനും സാധിക്കും.

(സി) ഡി.സി. സ്യൂട്ട് പദ്ധതി നടപ്പിലാക്കിയിട്ടുള്ള ജില്ലകളിൽ കമ്പ്യൂട്ടറുകളുടെ കാലപ്പഴക്കംമൂലം ഡി.സി. സ്യൂട്ടിലെ വിവിധ മൊഡ്യൂളുകൾ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യം സംജാതമായിട്ടുണ്ട്. ആയതിനാൽ ടി പദ്ധതിക്ക് പകരമായി കുറേക്കൂടി മെച്ചപ്പെട്ട ഇ-ഓഫീസ് എന്ന ഓൺലൈൻ ഫയൽ പ്രോസസിംഗ് സംവിധാനം ഒന്നാം ഘട്ടമായി തെരഞ്ഞെടുത്ത ജില്ലകളിൽ നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഭരണനവീകരണ പദ്ധതിയിൽ വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനാണ് കളക്ടറേറ്റുകളിൽ ഈ പദ്ധതി ആരംഭിച്ചത്. ഡി.സി. സ്യൂട്ടുകളുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ് ദുരന്തനിവാരണ മേഖലയിലെ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയെന്നത്. ഏതൊക്കെ ജില്ലകളിൽ ദുരന്തനിവാരണ പദ്ധതിയിൽ ഈ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്; ഈ പ്രവർത്തനങ്ങളെ സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെല്ലുമായി ബന്ധപ്പെടുത്തി പ്രവർത്തിപ്പിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഡി.സി. സ്യൂട്ട് പദ്ധതി നടപ്പിലാക്കിയിട്ടുള്ള ജില്ലകളിലെ മറ്റ് ബുദ്ധിമുട്ടുകൾ കൂടി ഞാൻ ഇതിനകത്ത് സൂചിപ്പിച്ചിട്ടുണ്ട്.

അതുകൂടാതെ ഇപ്പോൾ പുതിയതായി ഇ-ഓഫീസ് എന്ന ഓൺലൈൻ ഫയൽ പ്രോസസ്സിംഗ് സംവിധാനം ആരംഭിച്ചിരിക്കുകയാണ്. അതിന് തുടക്കം കുറിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം എന്നുള്ള നിലയിൽ, ഡിസാസ്റ്റർ മാനേജ്മെന്റുമായി ബന്ധപ്പെട്ട്, അതിനാവശ്യമായ ക്രമീകരണങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, ഇതിൽ പ്രധാനമായിട്ടുള്ള വിഷയം ലീഡർഷിപ്പ് കൊടുക്കുന്ന ആളുകളുടെ ആറ്റിറ്റ്യൂടാണ്. പല ജില്ലാ കളക്ടർമാർക്കും ഇപ്പോഴും ഫയലുകളോട് പ്രേമമാണ്. അതുകൊണ്ട് മനോഭാവത്തിൽ മാറ്റം വരുത്തുകയും ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ ട്രെയിനിംഗും ആറ്റിറ്റ്യൂടിൽ മാറ്റം ഉണ്ടാക്കാനുള്ള ശ്രമവും ഉണ്ടായെങ്കിൽ മാത്രമേ, തീർച്ചയായും ഈ പദ്ധതി പൂർണ്ണമായും വിജയിപ്പിക്കാൻ കഴിയുകയുള്ളൂ. സംസ്ഥാനത്തെ കളക്ടറേറ്റുകളിൽ ഈ പദ്ധതി നടപ്പിലാക്കിയപ്പോൾ, പദ്ധതിയുടെ വിജയത്തിനാവശ്യമായ നിർദ്ദേശങ്ങൾ ഡിസ്ട്രിക്ട് ഓഫീസ് മാനുവലിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന ന്യൂനത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും കളക്ടറേറ്റുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുമ്പോൾ

ഡിസ്ട്രിക്ട് ഓഫീസ് മാന്യവല്വകളിൽ ആവശ്യമായിട്ടുള്ള ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, തീർച്ചയായും നേരത്തെ ഉണ്ടായിരുന്ന ന്യൂനതകൾ പരിഹരിച്ച്, ജീവനക്കാരുടെ മനോഭാവത്തിന് മാറ്റമുണ്ടാകണം എന്നുള്ളത് പ്രധാനപ്പെട്ട വിഷയം തന്നെയാണ്. ആ മനോഭാവത്തിന് മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ട് ഇന്നത്തെ ആധുനിക കാലഘട്ടത്തിനനുസൃതമായ പ്രവർത്തനങ്ങൾ ഇ-ഓഫീസ് സംവിധാനത്തിലൂടെ നടപ്പാക്കാൻവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. മാത്രമല്ല, ട്രെയിനിംഗ് എന്നുള്ള നിലയിൽ 10 ആളുകളെ സെലക്ട് ചെയ്ത് ട്രെയിനിംഗ് കൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനോടകം തന്നെ തുടക്കം കുറിച്ച് നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഭരണ നവീകരണ പദ്ധതിയിൽ വിവര സങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗിക്കുന്നതിനാണ് കളക്ടറേറ്റുകളിൽ ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ, വില്ലേജ്, താലൂക്ക്, ജില്ലാ തലങ്ങളിൽ എസ്.എം.സ്, കിയോസ്കുൾ, ജില്ലാ- താലൂക്ക് തല പോർട്ടലുകൾ എന്നിവ വഴി ലഭ്യമാക്കുമെന്ന് പറഞ്ഞിരുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞതിനുശേഷം ഏതെല്ലാം സേവനങ്ങൾ

ഇതിനകം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദീകരിക്കാൻ സാധിക്കുമോ; അതോടൊപ്പം ദുരന്തനിവാരണവുമായി ബന്ധപ്പെട്ട സേവനങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. ഇടുക്കി പോലുള്ള ഒരു ജില്ലയിൽ എല്ലാസമയവും ദുരന്തനിവാരണ ആവശ്യങ്ങൾ വർദ്ധിച്ചുവരുന്നു. ദുരന്തനിവാരണ സേനയുടെ ഉപയോഗവും ആവശ്യകതയും വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ ഇടുക്കി കേന്ദ്രീകരിച്ച് ദുരന്തനിവാരണ സേനയുടെ പ്രത്യേക ടീമിനെ പൂർണ്ണമായും നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഇതുമായി ബന്ധപ്പെട്ട് എം.പി.പി. പദ്ധതിക്ക് ആദ്യം തുടക്കം കുറിച്ചത് പാലക്കാട് ജില്ലയിലാണ്. പാലക്കാട് ജില്ലയിൽ 2004 ഒക്ടോബർ മാസം 26-ാം തീയതി മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പദ്ധതി ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട്, Major areas covered in D.C. Suit- File Management, Arms License Module, Natural Calamity Module, Public Grievance, Revenue Recovery Module, Revenue Employee Deployment, Conference Hall Module, Inventory Module, Financial Module, Social Security Pensions Schemes, Pumping license, Library Management, Police Verification Module, Rest House Booking Module,

Election Vehicle Module, Public Information Portals and Kiosks തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായിട്ടാണ് എം.പി.പി. പദ്ധതി തിരുവനന്തപുരം ഒഴികെയുള്ള എല്ലാ ജില്ലകളിലും നടപ്പാക്കാൻ അന്ന് നടപടികൾ സ്വീകരിച്ചത്.

## ഓണം, റംസാൻ ചന്തകൾ

(*544) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:

ശ്രീ. ജെയിംസ് മാത്യു:

ശ്രീ. പി. ടി. എ. റഹീം:

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഓണം, റംസാൻ ചന്തകൾ ആരംഭിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടെന്ന് അറിയിക്കാമോ;

(ബി) അവശ്യ സാധനങ്ങളുടെ വില വർദ്ധിച്ചിരിക്കുന്ന ഈ സമയത്ത് സംസ്ഥാന വ്യാപകമായി ഓണം-റംസാൻ ചന്തകൾ ആരംഭിക്കേണ്ടതില്ല എന്ന് തീരുമാനിക്കാൻ കാരണമെന്തായിരുന്നു;

(സി) ഈ സീസണിൽ പൊതുകമ്പോളത്തിൽ വിലവർദ്ധന പിടിച്ചു നിർത്താൻ

സബ്സിഡിക്കായി എന്തു തുകയാണ് നീക്കിവച്ചിട്ടുള്ളത്;

(ഡി) സാധനങ്ങളുടെ വില വർദ്ധിക്കുകയും ഗുണം കുറയുകയും ചെയ്തതോടെ സിവിൽ സപ്ലൈസിന്റെ വില്പനശാലകൾ ജനങ്ങൾക്ക് ഉപയോപ്രദമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ,

(എ) & (ബി) ഈ വർഷം റംസാൻ ചന്തകൾ റംസാൻ സമയത്ത് തന്നെ സംഘടിപ്പിച്ചിരുന്നു. ഓണച്ചന്തകൾ ആഗസ്റ്റ് 10 മുതൽ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ബി.പി.എൽ. കിറ്റ്, സ്പെഷ്യൽ പഞ്ചസാര തുടങ്ങി കഴിഞ്ഞ വർഷം നൽകിയ എല്ലാ ആനുകൂല്യങ്ങളും ഈ വർഷവും നൽകുന്നതാണ്.

(സി) സപ്ലൈകോയ്ക്ക് 64 കോടി രൂപ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) സാധനങ്ങൾക്ക് അനിയന്ത്രിതമായ വിലക്കയറ്റമില്ല. ഗുണനിലവാരം ഉറപ്പുവരുത്തിയാണ് സപ്ലൈകോയിൽ സാധനങ്ങൾ ലഭ്യമാക്കുന്നത്. സപ്ലൈകോയുടെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് ഏറെ ഉപയോഗപ്രദമാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, റംസാൻ ചന്തകൾ സംസ്ഥാനത്താകെ ആരംഭിച്ചുവെന്നാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്. ഞാൻ വരുന്നത് ചാവക്കാട്-

ഗുരുവായൂർ മേഖലയിൽ നിന്നാണ്. യഥാർത്ഥത്തിൽ കേരളത്തിൽ പല സ്ഥലത്തും റംസാൻ ആസ്പദമാക്കി, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചന്തകൾ നടന്നിട്ടില്ല. മറുപടിയിൽ മന്ത്രി പറഞ്ഞിട്ടുള്ളത്, റംസാൻ ചന്തകൾ സമയത്ത് തന്നെ സംഘടിപ്പിച്ചിരുന്നുവെന്നാണ്. ഈ സഭയിലെ ഏതെങ്കിലും ഒരംഗം, തന്റെ മണ്ഡലത്തിൽ റംസാൻചന്ത തുടങ്ങിയിരുന്നുവെന്ന് പറയുമെന്ന് എനിക്ക് തോന്നുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി എന്തിനാണ് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള മറുപടി നൽകുന്നതെന്നാണ് എന്റെ ചോദ്യം. യഥാർത്ഥത്തിൽ കേരളത്തിൽ അങ്ങനെയൊരു ചന്ത നടന്നിട്ടുമില്ല, ചന്ത നടത്തുന്നതിനാവശ്യമായ യാതൊരു തയ്യാറെടുപ്പും വകുപ്പുമന്ത്രിയുടെയോ ഗവൺമെന്റിന്റെയോ ഭാഗത്തുനിന്നും ഉണ്ടായിട്ടുമില്ല എന്നുള്ളതാണ് യാഥാർത്ഥ്യം.

ശ്രീ. അനൂപ് ജേക്കബ്: സർ, എനിക്ക് സഭയെ തെറ്റിദ്ധരിപ്പിക്കാൻ കഴിയില്ല. വസ്തുതാപരമായ മറുപടിയാണ് ഞാൻ നൽകിയിട്ടുള്ളത്. 64 റംസാൻ ചന്തകൾ കേരളത്തിൽ നടന്നിട്ടുണ്ട്.....(ബഹളം)...... ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ മനസ്സിലാക്കാനുള്ളത്, .....(ബഹളം)...... മറുപടി പറയാൻ അനുവദിച്ചില്ലെങ്കിൽ എന്തുചെയ്യും.

മി. സ്പീക്കർ: പ്ലീസ്.... ചോദ്യത്തിനുള്ള മറുപടി പറയണ്ടേ.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്തെ ഓർമ്മ വച്ചാണ് പ്രതിപക്ഷം പറയുന്നത്. 2009-10 കാലഘട്ടത്തിൽ 45 ഫെയറുകളാണ് റംസാൻ കാലത്ത് നടത്തിയിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം .....(ബഹളം)...... പ്രത്യേക പരിഗണന നൽകി 64 റംസാൻ ഫെയറുകൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ചോദ്യോത്തര സമയത്ത് എല്ലാ കാര്യങ്ങൾക്കും ഇങ്ങനെ ബഹളം ഉണ്ടാക്കുന്നത് ശരിയല്ല. മന്ത്രിമാരെ മറുപടി പറയാൻ അനുവദിക്കണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, സാധനങ്ങൾ കൃത്യമായി വാങ്ങുന്നുണ്ടെന്നാണ്. സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന് അരി നൽകുന്ന, സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസികൾ ഇത്തവണ അരി നൽകുന്നില്ലെന്നാണ് കഴിഞ്ഞ ദിവസം പുറത്ത് വന്ന വാർത്ത. അവർക്ക് വലിയ സംഖ്യ കുടിശ്ശികയുണ്ട്. എല്ലാം ക്ലിയർ ആണെന്ന് പറയുമ്പോൾ വസ്തുതകൾ മന്ത്രി കാണുന്നുണ്ടോ; മറ്റ് സംസ്ഥാന ഏജൻസികൾക്ക് ഗവൺമെന്റ് കൊടുക്കാനുള്ള കുടിശ്ശിക ഇതുവരെ കൊടുത്ത് തീർത്തിട്ടില്ല. എന്താണ് ഗവൺമെന്റ് പദ്ധതി?

ശ്രീ. അനൂപ് ജേക്കബ്: സർ, ഇതുസംബന്ധിച്ച പത്രവാർത്തകൾ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം കോർപ്പറേഷന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയിരുന്നു. ഇപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പക്കൽ ആവശ്യമായ സ്റ്റോക്കുണ്ട്; യാതൊരു ഷോർട്ടേജുമില്ല. ഓണത്തിന്റെ ടെണ്ടർ നാളെയാണ് വിളിച്ചിരിക്കുന്നത്. അതിലും ടെണ്ടർ ക്വാട്ട് ചെയ്യുമെന്ന് തന്നെയാണ് പ്രതീക്ഷ. സ്റ്റോക്കിൽ കുറവ് വരുന്ന സാഹചര്യമുണ്ടാകുന്നില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷനെ സംബന്ധിച്ച് യാതൊരു കുടിശ്ശികയും ഒരു കരാറുകാർക്കും കൊടുക്കാനില്ല. എല്ലാ സപ്ലയേഴ്സിനും കൃത്യമായി തുക കൊടുത്ത് തീർത്തിട്ടുണ്ടെന്നാണ് രേഖാമൂലം നൽകിയിട്ടുള്ള മറുപടി. അതുകൊണ്ട് തന്നെ കോർപ്പറേഷന് സാധനങ്ങൾ നൽകുന്നതിൽ നിന്നും ഏജൻസികൾ മാറി നിൽക്കേണ്ട സാഹചര്യം കാണുന്നില്ല. ഏതെങ്കിലും സാഹചര്യത്തിൽ, അത്തരത്തിലുള്ള നടപടി ഉണ്ടായാൽ ബദൽ സംവിധാനം ഗവൺമെന്റ് സ്വീകരിക്കും. ഒരു കാരണവശാലും വിപണിയിൽ ക്ഷാമം ഉണ്ടാകാനുള്ള സാഹചര്യം ഉണ്ടാകില്ലെന്ന് ഗവൺമെന്റ് ഉറപ്പ് വരുത്തും.

ശ്രീ. ജെയിംസ് മാത്യു: സർ, തികച്ചും അടിസ്ഥാന രഹിതമായ കാര്യമാണ് മന്ത്രി ഇവിടെ പറഞ്ഞിട്ടുള്ളത്. സിവിൽ സപ്ലൈസ് കോർപ്പറേഷന് വെളിച്ചെണ്ണ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ നിരവധി വിതരണം ചെയ്ത

ആളുകൾക്ക് പണം കിട്ടിയില്ലെന്ന് മാത്രമല്ല, അവർ എറണാകുളത്ത് നിരാഹാര സമരം ഇരിക്കുകയും ഇവിടെ വന്ന് പ്രതിപക്ഷ നേതാവിനെയും മുഖ്യമന്ത്രിയെയും കാണുകയും ചെയ്തതാണ്. അവരുടെ കുടിശ്ശിക ഇതുവരെ കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്, വസ്തുത ആണെങ്കിൽ അതുസംബന്ധിച്ച രേഖ കൂടി വയ്ക്കണം. സിവിൽ സപ്ലൈസ് കോർപ്പറേഷന് സാധനം വിതരണം ചെയ്ത വകയിൽ ഒരാൾക്കും കുടിശ്ശിക കൊടുക്കാനില്ലെന്ന് പറഞ്ഞത് വസ്തുത ആണെങ്കിൽ അതുസംബന്ധിച്ച രേഖ സഭയിൽ വയ്ക്കണം.

ശ്രീ. അനൂപ് ജേക്കബ്: സർ, സപ്ലൈകോയ്ക്ക് വിതരണം ചെയ്ത സാധനങ്ങൾക്ക് കുടിശ്ശികയില്ലെന്ന് തന്നെയാണ് സപ്ലൈകോ എം.ഡി. ഗവൺമെന്റിനെ രേഖാമൂലം അറിയിച്ചിട്ടുള്ളത്. കുടിശ്ശികയുണ്ടെങ്കിൽ വകുപ്പുമന്ത്രി എന്ന നിലയിൽ എന്നെ വന്ന് കാണേണ്ടതാണ്. അത്തരത്തിൽ കുടിശ്ശിക ഉണ്ടെന്ന് പറഞ്ഞ് എന്നെ ആരും കണ്ടിട്ടില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)